Revised and Expunged Edition for Students.

കുഞ്ചൻ നമ്പ്യാരുടെ

സന്താനഗോപാലം

ഓട്ടൻതുള്ളൽ.

പ്രസാധകൻ,

കോട്ടയം കോളേജ് മലയാളം ലക്ചറർ,

കെ. ശങ്കരപ്പിള്ള ബി. ഏ.

പ്രകാശകൻ,

തോമസ് പോൾ ബി. ഏ.

വിദ്യാവിലാസം പ്രസിദ്ധീകരണശാല,

തിരുവനന്തപുരം.

1106

Revised and Expunged Edition for Students.

കുഞ്ചൻ നമ്പ്യാരുടെ

സന്താനഗോപാലം

ഓട്ടൻതുള്ളൽ.

പ്രസാധകൻ,

കെ. ശങ്കരപ്പിള്ള ബി. ഏ.

പ്രകാശകൻ,

തോമസ് പോൾ ബി. ഏ.

വിദ്യാവിലാസം പ്രസിദ്ധീകരണശാല,

തിരുവനന്തപുരം.

1106

സന്താനഗോപാലം

ഓട്ടൻ തുള്ളൽ.

അവതാരിക.

പ്രസ്താവന. കുഞ്ചൻനമ്പ്യാർ, ഈ തുള്ളൽക്കഥ രചിച്ചതു, കൊല്ലവഷം 923-നമുമ്പു് ചെമ്പകശ്ശേരി രാജ്യത്തു താമസിച്ചുവന്നപ്പോൾതന്നെ ആയിരിക്കണം. വഞ്ചിരാജാക്കന്മാരേയോ, തെക്കൻതിരുവിതാംകൂറിലുള്ള ദേവാലയങ്ങളേയോ പററി മററു ചില തുള്ളക്കഥകളിൽ കാണുംപോലെ യാതൊരു പ്രസ്താവവും ഇതിൽ കാണ്മാനില്ല. ഇത്തരം പ്രസ്താവങ്ങളുള്ള തുള്ളക്കഥകൾ നമ്പ്യാർ തിരുവിതാംകൂർരാജാക്കന്മാരുടെ സംരക്ഷണയിൽ വന്നതിൽപിന്നെയെഴുതിയവയായിരിക്കണമെന്നുള്ളതിനു തക്കമില്ല. വഞ്ചിരാജാവായ മാത്താണ്ഡവമ്മമഹാരാജാവു് ചെമ്പകശ്ശേരിരാജ്യം പിടിച്ചടക്കിയതു 923-ൽ ആണു്. അക്കാലംമുതൽക്കേ നമ്പ്യാർ തിരുവനന്തപുരത്തു താമസമാവാൻ തരമുള്ളു. അതാണു് ഈ കൃതി 923-നു മുമ്പു് ഉണ്ടായിട്ടുള്ളതായിരിക്കണമെന്നു പറയാൻ കാരണം.

വന്ദനം. പതിവായി നമ്പ്യാർ തൻെറ കൃതികളുടെ പ്രാരംഭത്തിൽ ഈശ്വരസ്തുതിയും ഗുരുവന്ദനവും ചിലപ്പോൾ രാജസ്തവവും ചേക്കാറുണ്ടു്. തൻെറ സ്വദേ

രമായ കിള്ളിക്കുറിശ്ശിമംഗലം ഗ്രാമത്തിലുള്ള ശിവക്ഷേത്രത്തിലെ പ്രതിഷ്ഠാമൂർത്തിയെ നമ്പ്യാർ തന്റെ പരദൈവമായി കല്പിച്ചു പ്രായേണ എല്ലാ കൃതികളുടെ പ്രാരംഭത്തിലും വന്ദിക്കുന്നു. എന്നതിനാൽ കിള്ളിക്കുറിശ്ശിമൂർത്തിയെപ്പററി പ്രസ്താവിച്ചുകാണുന്ന തുള്ളക്കഥകൾ നമ്പ്യാരുടെ കൃതികൾതന്നെയായിരിക്കണമെന്നുള്ള ഊഹത്തിന് അതു് ഒരു കാരണമായിത്തീർന്നിട്ടുണ്ടു്. ഈ തുള്ളൽ "കിള്ളിക്കുർശ്ശിയമന്ദേവനെ" വന്ദിക്കുന്ന ഒരു ശ്ലോകത്തിലാണു് ആരംഭിക്കുന്നതു്. മററു തുള്ളൽക്കൃതികളിൽ കാണുമ്പോലെ പല മൂർത്തികളെ വന്ദിച്ചുള്ള പ്രസ്താവം ഇതിൽ കാണുന്നില്ല. എങ്കിലും ഇതിലെ മുഖവുരയിൽ പുണ്യവാന്മാരായ പൂർവ്വകവികളെ നമ്പ്യാർ വന്ദിക്കയും, ഈ കൃതി രചിക്കുന്ന വിഷയത്തിൽ തനിക്കുള്ള വിനയത്തെ പുരസ്കരിക്കയും, പ്രാരംഭത്തിൽതന്നെ ഈ കഥയ്ക്കു് പുരാണപ്രസിദ്ധമായ ഫലശ്രുതിയെ നിർദ്ദേശിക്കയും ചെയ്യുന്നു. ചാക്യാർക്കൂത്തിനോടു മത്സരിച്ചു് ഇങ്ങനെ "തുള്ളൽ" എന്നൊരു പുതിയ കലാപ്രസ്ഥാനം തുടങ്ങിയ നമ്പ്യാരെ പലരും അക്കാലത്തു് അപവദിച്ചുവന്നിരുന്നുവെന്നോ അപവദിച്ചേക്കാമെന്നൊരു ശങ്ക നമ്പ്യാക്കുണ്ടായിരുന്നുവെന്നോ ഉള്ള ഊഹത്തിന് വഴികൊടുക്കുന്നതാണു് ഈ സന്ദർഭത്തിൽ പ്രയോഗിച്ചുകാണുന്ന

> വികൃതി പറഞ്ഞു നടക്കും ദുർജ്ജന-
> നികൃതികൾകൊണ്ടൊരു കുറവുമില്ല

എന്ന വരികൾ,

കഥ.. ഈ കൃതിയിൽ പ്രതിപാദിച്ചിരിക്കുന്ന കഥയെ താഴെച്ചേൎക്കുന്നു:—

ഒരിക്കൽ ശ്രീകൃഷ്ണൻ ദ്വാരകയിൽവെച്ച് അശ്വമേധയാഗം കഴിക്കുവാൻ ബന്ധുക്കളേയും മിത്രങ്ങളേയും വരുത്തി യാഗത്തിനൊരുങ്ങിയ സന്ദൎഭത്തിൽ, ഒരു ബ്രാഹ്മണൻ, തന്റെ ചത്തുപിറന്ന ഒരു ഉണ്ണിയെ എടുത്തുംകൊണ്ടു് ആ സദസ്സിൽവന്നു ശ്രീകൃഷ്ണനോടു സങ്കടം അറിയിച്ചു. പക്ഷെ, കൃഷ്ണനാവട്ടെ മററു യാദവപ്രധാനികളാവട്ടെ, അതു കേട്ടിട്ടൊന്നും പറഞ്ഞില്ലെങ്കിലും അവിടെക്കൂടിയിരുന്ന ജനങ്ങൾതമ്മിൽ ഈ ബ്രാഹ്മണന്റെ ദുൎഗ്ഗതിയെപ്പററി അത്ഭുതപ്പെട്ടു് പലതും പറയുകയുണ്ടായി. യാഗം പ്രമാണിച്ച് അവിടെ എത്തിയിരുന്ന അൎജ്ജുനൻ ബ്രാഹ്മണന്റെ ഈ മുറവിളിയും യാദവന്മാരുടെ ലക്ഷ്യമില്ലായ്മയും കണ്ടു, ദയാവിഷ്ടനായിത്തീൎന്നു്, ബ്രാഹ്മണന്റെ അടുത്തുചെന്നു് ഇനിയത്തെ ശിശുവിനെ താൻരക്ഷിച്ചുതരാമെന്നുപറഞ്ഞ് ആശ്വസിപ്പിക്കുവാൻ ശ്രമിച്ചു. എന്നാൽ കൃഷ്ണൻമുതൽപേരാൽ അസാദ്ധ്യമെന്നൊഴിഞ്ഞ ഇക്കാൎയ്യം അൎജ്ജുനനുണ്ടോ സാധിപ്പാൻ പോകുന്നു എന്നുള്ള നിരാശയും, ഇതിനുമുമ്പുണ്ടായ എട്ടു കുട്ടികളെപ്പോലെ മരിച്ചുകിടക്കുന്നു ഈ ഒൻപതാമത്തെ കുട്ടിയെ നോക്കുംതോറും ഉള്ളിൽ വൎദ്ധിച്ചുവന്ന അലാഹവും നിമിത്തം ബ്രാഹ്മണൻ അൎജ്ജുനനെ, വഹിയാത്ത കാൎയ്യം കയറി ഏല്ക്കാൻപോകുന്ന ഒരു സാഹസപ്രിയനാക്കി ഒട്ടധികം ആക്ഷേപിക്കയാണു ചെയ്തതു്. ഈ ആക്ഷേപത്താൽ ഉണൎത്തപ്പെട്ട അ

ജ്ജുനൻ, തന്റെ മുൻപ്രതാപങ്ങളെ എല്ലാം പറഞ്ഞു കേൾപ്പിച്ചു് ബ്രാഹ്മണനെ ധൈൎയ്യപ്പെടുത്തിയതോടുകൂടി, ഇനിയത്തെ കുട്ടിയെ രക്ഷിപ്പാൻ തന്നെക്കൊണ്ടു് ആളാകാത്തപക്ഷം താൻ അഗ്നിയിൽച്ചാടി ദഹിക്കുമെന്നു് ശ്രീകൃഷ്ണനെക്കൊണ്ടാണയിട്ടു സത്യം ചെയ്കയും ചെയ്തു. ചന്ദ്രവംശശ്രേഷ്ഠനായ അൎജ്ജുനങ്കൽനിന്നു് ഇത്രയുമൊരു വീരശപഥം കിട്ടിയപ്പോഴേയ്ക്കും ബ്രാഹ്മണൻ താൻ പറഞ്ഞുപോയ പരുഷവാക്കുകൾക്കെല്ലാം ക്ഷമായാചനംചെയ്തുകൊണ്ടു് യാത്രപറഞ്ഞു തിരിച്ചുപോയി. ബ്രാഹ്മണന്റെ പിന്നത്തെ ശ്രമം, ഭവനത്തിൽവന്നു് കുട്ടിയുടെ ശവസംസ്കാരം കഴിച്ചു തന്റെ ഭാൎയ്യയെ സമാധാനപ്പെടുത്തുവാനായിരുന്നു. ഉണ്ടായ കുട്ടികളെല്ലാം മരിച്ചതിൽവെച്ചുള്ള അതിരററ സങ്കടംനിമിത്തം മൂർഛിച്ചുകിടന്നിരുന്ന ബ്രാഹ്മണസ്ത്രീ സ്വഭത്താവിന്റെ സമാധാനവാക്കുകൾ കേട്ടിട്ടു് അതിലുള്ള വസ്തുതയെ പരീക്ഷിപ്പാൻ പ്രകൃത്യനുസരണമായ ചാഞ്ചല്യത്തോടുകൂടി പിന്നെയും പിന്നെയും ഓരോ ചോദ്യങ്ങൾ ചോദിക്കയും ബ്രാഹ്മണൻ അൎജ്ജുനശപഥത്തിലുള്ള വിശ്വാസാധിക്യത്താൽ ധൈൎയ്യസമേതം ഇതിനെല്ലാം മറുപടി പറഞ്ഞു് അവരെ ആശ്വസിപ്പിക്കയും ചെയ്തു.

കുറഞ്ഞൊരുമാസം ഇങ്ങനെ കഴിഞ്ഞ മുറയ്ക്കു് വീണ്ടും ബ്രാഹ്മണപത്നി ഗൎഭം ധരിച്ചു. പ്രസവകാലമടുക്കാറായപ്പോൾ ബ്രാഹ്മണൻ ഓടി അൎജ്ജുനനെ ശരണം പ്രാപിച്ചു. അൎജ്ജുനൻ തന്റെ ശപഥഗൌരവമോൎത്തു് ഗുരുജനങ്ങളോടും ബന്ധുക്കളോടും വിടവാങ്ങിക്കൊണ്ടു ബ്രാഹ്മണാലയത്തിൽ വന്നു് അന്തകഭടന്മാർ

ഉള്ളിൽ പ്രവേശിക്കാതിരിക്കത്തക്കവണ്ണം ശരക്കൂടം കെട്ടിയുണ്ടാക്കി ഗാണ്ഡീവപാണിയായി അവിടെ കാവൽ നിന്നു. എന്നാൽ ഇത്തവണ ബ്രാഹ്മണസ്ത്രീ പ്രസവിച്ചപ്പോഠം ഉണ്ണിയുടെ ശവംപോലും കാണ്മാനില്ലെന്നാണു വന്നുകൂടിയതു്. എന്തത്ഭുതം! ഇതേവരെയും അൎജ്ജുനൻെറ സത്യമോൎത്തു് ആശയോടുകൂടിയിരുന്ന ബ്രാഹ്മണൻ അത്യന്തം മനസ്താപത്തോടുകൂടി പുറത്തുവന്നു് അൎജ്ജുനനെ ക്രമത്തിലധികം ആക്ഷേപിച്ചുതുടങ്ങി. യമദൂതരുടെ വരവുകൂടാതെ കുട്ടി മരിക്കാനിടയായതു് എന്തൊരു മായകൊണ്ടായിരിക്കാമെന്നത്ഭുതപ്പെട്ടു നില്ക്കുന്ന അൎജ്ജുനൻ, ബ്രാഹ്മണൻെറ പരുഷവാക്കുകഠം കേട്ടു് കുറേക്കൂടി വിഷണ്ണനായി എങ്കിലും യാതൊരു മറുപടിയും പറയാതെ ഉടൻതന്നെ അവിടെനിന്നും തിരിച്ചു് അന്തകപുരത്തിൽ ചെന്നു് അന്വേഷിച്ചു. അന്തകൻ അൎജ്ജുനനെ തൻെറ പുരിമുഴുവൻ കൊണ്ടുചെന്നു കാണിച്ചു് അവിടെയെങ്ങും ബ്രാഹ്മണകുമാരനില്ലെന്നു ബോധ്യപ്പെടുത്തിവിട്ടു. അർജ്ജുനൻ അവിടെനിന്നും തിരിച്ചു് അഷ്ടദിക്പാലന്മാരുടെ പുരികളിലും വേണ്ട അന്വേഷണം ചെയ്തു. അവിടെയും കുമാരനെ കണ്ടുകിട്ടാഴികയാൽ തിരിയെ ഭൂലോകത്തുവന്നു് അഗ്നികുണ്ഡംകൂട്ടി ഗാണ്ഡീവത്തോടുകൂടി അതിൽചാടി ദഹിക്കുവാനൊരുങ്ങി. അന്ത്യസമയത്തെ ഈശ്വരസ്മരണയെന്നു കരുതി കൃഷ്ണനെയും മററും ഭക്തിപുരസ്സരം വന്ദിച്ചുംകൊണ്ടു തീയിൽ ചാടുവാൻ ഭാവിച്ച അൎജ്ജുനനെ, ശ്രീകൃഷ്ണൻ എവിടെനിന്നോ ഓടിവന്നു സസ്നേഹം പിടിച്ചുമാററി, ഈ സാഹസത്തിൽനിന്നും വിരമിപ്പിക്കയുണ്ടാ

യി. അജ്ജുനൻ തീയിൽ ചാടാതിരിക്കുന്നതിനുവേണ്ടി ബ്രാഹ്മണകുമാരനെ ജീവനോടുകൂടി കൊണ്ടുക്കൊടുക്കേണ്ട സത്യപരിപാലനം അർജ്ജുനൻ മുഖന്തിരംതന്നെ നിർവഹിപ്പിക്കുവാനായിട്ടു കൃഷ്ണൻ ഉടൻതന്നെ അജ്ജുനനേയും കൂട്ടിക്കൊണ്ടു രഥത്തിലേറി വൈകുണ്ഠത്തിലേക്കു യാത്രയായി. ലോകാലോകപ്രദേശംകഴിഞ്ഞപ്പോൾ വ്യാപിച്ച കൂരിരുട്ടിനെ കൃഷ്ണൻ തന്റെ ആയുധമായ സുദർശനത്തിനുള്ള പ്രകാശംകൊണ്ടു് അകററി. സുഖമായി അവർ രണ്ടുപേരും വൈകുണ്ഠത്തിൽ ചെന്നുചേർന്നു.

വൈകുണ്ഠത്തിൽ സ്ഥിതിചെയ്യുന്ന പത്മനാഭസ്വാമിയാകട്ടെ ഇവരോടായി കുശലപ്രശ്നംചെയ്തിട്ടു് തന്റെ അംശജാതന്മാരായ കൃഷ്ണനേയും അജ്ജുനനേയും ഒരുമിച്ചു് അവിടെ വരുത്തി കാണുന്നതിലേക്കായി മാത്രം താൻ ഈ ശിശുക്കളെ എല്ലാം ഹരിച്ചിട്ടുള്ളതാണെന്നും അവരെ ഇപ്പോൾത്തന്നെ കൂടെക്കൊണ്ടുപോയി ബ്രാഹ്മണനു കൊടുത്തു് ആ ആളെ സന്തോഷിപ്പിച്ചുകൊള്ളണമെന്നും പറഞ്ഞു പത്തു കുട്ടികളേയും ഇവരോടുകൂടി അയച്ചു. അർജ്ജുനനും കൃഷ്ണനും സസന്തോഷം കുട്ടികളേയും കൊണ്ടു തിരിയെ ബ്രാഹ്മണാലയത്തിൽവന്നു് ബ്രാഹ്മണനെ വിളിച്ചു്, താൻ ആശിച്ചിരുന്ന ഒടുവിലത്തെ കുട്ടിയെ മാത്രമല്ല മരിച്ചുപോയെന്നു വിചാരിച്ചിരുന്ന 9_കുട്ടികളേയും കൂടി കൊടുത്തു. അർജ്ജുനശപഥത്തിന്റെ ഫലമായി എല്ലാ കുട്ടികളേയും തനിക്കിങ്ങനെ കിട്ടുവാനിടയായതിൽവച്ചു ബ്രാഹ്മണൻ ആനന്ദപരവ

ശനായിത്തീൎന്നു് രണ്ടുപേരെയും വളരെ അനുഗ്രഹിച്ച
പിരിഞ്ഞു. ഇതാണ തുള്ളലിലെ കഥ.

പുരാണകഥയുമായുള്ള ഭേദഗതി. ഭാഗവതപു
രാണത്തിൽ കൃഷ്ണന്റെ അവതാരപ്രവൃത്തികളെ വിവരി
ക്കുന്ന ദശമസ്കന്ധത്തിലൊട്ടൊടുവിലായി പറഞ്ഞിരി
ക്കുന്ന കഥയാണു് 'സന്താനഗോപാലം'. പുരാണകഥ
യിൽനിന്നും പ്രധാന സംഗതികളിൽ തുള്ളലിലെ കഥ
യ്ക്കു മാററംവരുത്തിയിട്ടുള്ളതായിക്കാണുന്നില്ല. എന്നാൽ
ആദ്യത്തെ പുത്രൻ മരിച്ചതുമുതൽ ഒൻപതാമത്തെ പു
ത്രൻ മരിക്കുന്നതുവരെ ഓരോ കുട്ടി മരിക്കുമ്പോഴും
അതാതു മൃതശരീരവുംകൊണ്ടു ബ്രാഹ്മണൻ കൃഷ്ണന്റെ
ട്ടുത്തുചെന്നു പരാതി പറഞ്ഞിരുന്നുവെന്നും അപ്പൊഴൊ
ക്കയും യാതൊരു പരിഹാരമാൎഗ്ഗവും കിട്ടാതിരിക്കെ,
ഒൻപതാമത്തെ ശിശുവിന്റെ കാൎയ്യത്തിലും അത്തരം
ഉപേക്ഷ ശ്രീകൃഷ്ണൻ കാണിച്ചുകളഞ്ഞതിനാലുണ്ടായ
അതിരററ സങ്കടത്താലാണു ബ്രാഹ്മണൻ ഇത്തവണ ഇ
ങ്ങനെ പാരുഷ്യം പറഞ്ഞതെന്നുമത്രേ പുരാണത്തിൽ
കാണുന്നതു്. തുള്ളലിലാകട്ടെ ബ്രാഹ്മണൻ മുന്നവസര
ങ്ങളിൽ ദ്വാരകയിൽചെന്നു പരാതി പറഞ്ഞിട്ടുള്ളതാ
യി പ്രസ്താവിക്കുന്നില്ല. ഇതിനു മുമ്പു് എട്ടുപ്രാവശ്യം
ഉണ്ണികളുടെ മൃതശരീരവുംകൊണ്ടു പോയി സങ്കടപ്പെട്ടി
ട്ടു ഫലിക്കാത്തിടത്തു് ഒൻപതാമത്തെ പ്രാവശ്യവും
തേവിധം മൃതശരീരവുംകൊണ്ടു പോയതായി പ്രസ്താവി
ക്കുന്നതിനേക്കാൾ എട്ടു കുട്ടികളും മുമ്പു ചത്തുപിറന്ന പ്ര
കാരം തന്നെ ഒൻപതാമത്തേതും വന്നുകൂടിയപ്പോൾ

വൎദ്ധിച്ച താപാധിക്യം നിമിത്തം ഈ ഒടുവിലത്തെത്തവണ മാത്രം കുട്ടിയുടെ മൃതശരീരവുംകൊണ്ടു ബ്രാഹ്മണൻ ശ്രീകൃഷ്ണസന്നിധിയിൽ പോയതാണെന്നുള്ള പ്രസ്താവത്തിന്നു് ലൌകികദൃഷ്ടിയിൽ കുറേക്കൂടി സ്വാഭാവികത ഉണ്ടെന്നു കണ്ടുതന്നെയായിരിക്കണം കഥയ്ക്കു് ഈ മാററം വരുത്തിയിട്ടുള്ളതു്.

കഥാതത്വം. <u>അൎജ്ജുനന്റെ അനുഭവം.</u> യഥാൎത്ഥമിത്രങ്ങളുമായി ആലോചിക്കാതെ ഗൌരവപ്പെട്ട ഉദ്യമത്തിനൊരുങ്ങുന്നതു് എപ്പോഴും സാഹസമായി കലാശിക്കാറുണ്ടെന്നുള്ള തത്വമാണു് ഈ കഥ ലൌകികബുദ്ധിക്കു തെളിച്ചുകാട്ടിക്കൊടുക്കുന്നതു്. അൎജ്ജുനന്റെ അനുഭവം പ്രസ്തുത തത്വത്തെ നല്ലവണ്ണം ഉദാഹരിക്കുന്നുണ്ടു്. കൃഷ്ണന്റെ യാഗസദസ്സിൽ ഉണ്ണിയുടെ മൃതശരീരവുംകൊണ്ടു ബ്രാഹ്മണൻ വന്നുനിന്നു് അന്തസ്താപത്തോടെ പല ഗോഷ്ടികൾ കാണിച്ചു ദയനീയമാംവണ്ണം വിലപിച്ചിട്ടും കൃഷ്ണൻ മുതലായ യാദവപ്രധാനികളിൽനിന്നു യാതൊരു ദുഃഖപരിഹാരമാൎഗ്ഗവും കിട്ടാതെ തിരിച്ചു പോകേണ്ടിവന്നപ്പോൾ അയാളുടെ അനന്യശരണമായ കഷ്ടാവസ്ഥ, പരാക്രമശാലിയും ധൎമ്മതല്പരനുമായ അൎജ്ജുനന്റെ ദീനാനുകമ്പപ്രകൃതിയെ സവിശേഷം ഉദ്ദീപിപ്പിക്കുന്നതു് എത്രയോ യോഗ്യവും സ്വാഭാവികവുമായിരിക്കുന്നു! പക്ഷെ അൎജ്ജുനൻ ഈസന്ദൎഭത്തിൽ എന്താണു വേണ്ടിയിരുന്നതു്? ഈ സാധുബ്രാഹ്മണന്റെ സങ്കടാനുഭവങ്ങൾക്കുള്ള കാരണമെന്തായിരിക്കാം? ഇങ്ങനെ ദുരിതം അനുഭവിക്കുന്ന ബ്രാഹ്മണനോടു യാതൊരു സമാധാ

നവും ശ്രീകൃഷ്ണൻ മറുപടിയായി പറയാഞ്ഞതെന്തുകൊണ്ടു്?" എന്നുള്ള ആലോചനകളായിരുന്നു അർജ്ജുനന്റെ വിവേകബുദ്ധിയിൽ ഉദിക്കേണ്ടിയിരുന്നതു്. എന്നാൽ അർജ്ജുനനു് അപ്പോൾ അങ്ങിനെ തോന്നിയതായിക്കാണുന്നില്ല. ബ്രാഹ്മണന്റെ കഷ്ടാവസ്ഥയും വിലാപവും കണ്ടുണ്ടായ ദയാലുത്വം, അർജ്ജുനന്റെ ബുദ്ധിക്കു സഹജമായുള്ള മററു ചിന്താപഥങ്ങളെ എങ്ങിനെയോ തടഞ്ഞു കളയുകയാണു ചെയ്തതു്. മനുഷ്യൎക്കു് ഇങ്ങനെ സാധാരണ പററാറുണ്ടു്. ചില വികാരങ്ങൾക്കു മനുഷ്യരുടെ ബുദ്ധിയെ മുഴുവനും അതിലേക്കു തന്നെ ആകൎഷിക്കുന്നതിനു ശേഷിയും വശവും ഉണ്ടാകുന്നു. ഈ വികാരങ്ങൾ നല്ലവയും ആയിരുന്നേക്കാം; എന്നാലും ഇവ എത്ര തന്നെ സൌഹാർദ്ദങ്ങളായിരുന്നാലും അവ നിമിത്തം വേണ്ട പൎയ്യാലോചനയ്ക്കു ഇടകിട്ടാതെവന്നുപോകയാൽ കാൎയ്യസിദ്ധിയുണ്ടാവില്ലെന്നു വരും. അർജ്ജുനനും ഇങ്ങിനെയാണു സംഭവിച്ചതു്. അർജ്ജുനന്റെ താൽകാലികമായ മനഃസ്ഥിതി താഴെപ്പറയും പ്രകാരമായിരുന്നിരിക്കണം:—"മരണം സാധാരണ അന്തകനിൽനിന്നുമാണു സംഭവിക്കാറുള്ളതു്. അന്തകനിൽനിന്നുമുള്ള ഏതു് അക്രമവും അന്തകാന്തകനായ ശിവന്റെ ശാപവും തൽപ്രസാദവും തന്നിലുള്ളപ്പോൾ തനിക്കു നിഷ്പ്രയാസം ശമിപ്പിക്കത്തക്കവയാണു്. അതിനാൽ ഈ സദസ്സിൽവെച്ചു ബ്രാഹ്മണനെ ആശ്വസിപ്പിക്കേണ്ടതു ക്ഷത്രിയരാജാവെന്ന നിലയ്ക്കു തന്റെ കൃത്യമായി ഭവിക്കുന്നു. അതു കൃഷ്ണനു സന്തോഷമായിരിക്കയും ചെയ്യും." എന്നുമാത്രം വിചാരിച്ചതുകൊണ്ടാണു് അർജ്ജുനൻ-

ദുഃഖാപൂർണ്ണു കിടക്കും ദ്വിജനെ
കൈക്കു പിടിച്ചെഴുന്നേല്പിച്ചുടനെ
ഭക്തിയോടദ്വിജവരനെത്തൊഴുതുസ്വ-
ശക്തി നടിച്ചു പറഞ്ഞുതുടങ്ങി

യത്രു്. എന്നാൽ കൃഷ്ണനെ ഇങ്ങനെ സന്തോഷപ്പെടുത്താമെന്നു വിചാരിച്ചുവെങ്കിലും, എന്തുകൊണ്ടാണു് കൃഷ്ണൻ ബ്രാഹ്മണനോടു് ഒരു മറുപടിയും പറയാത്തതെന്നോ, ഈ ബ്രാഹ്മണനു് ഏതുതരത്തിലാണു സങ്കടപരിഹാരം വരുത്തിക്കൊടുക്കേണ്ടതെന്നോ അർജ്ജുനൻ ശ്രീകൃഷ്ണനോടു് ആലോചിക്കയുണ്ടായില്ല. അതിനു കാരണം തന്റെ പ്രതാപപൌരുഷങ്ങളിൽ അർജ്ജുനനു തോന്നീട്ടുള്ള സ്ഥിരവിശ്വാസംതന്നെ. എന്നാൽ [redacted]ന്റെ ഈ പ്രതാപപൌരുഷങ്ങൾക്കെല്ലാം നിദാനം ശ്രീകൃഷ്ണന്റെ സാഹ്യമാണെന്നുള്ള പ്രധാന കാൎയ്യമാണു് അർജ്ജുനൻ ഈ അവസരത്തിൽ തീരെ വിസ്മരിച്ചതു്. അപ്പോഴത്തെ സന്ദർഭംകൊണ്ടും അർജ്ജുനനു് ഈ ഒരു വീണ്ടുവിചാരം പിന്നീടുണ്ടാവാൻ തരമായില്ല. എന്തെന്നാൽ അർജ്ജുനന്റെ സമാധാനവാക്കുകളിൽ വിശ്വാസം ജനിക്കാത്ത ബ്രാഹ്മണൻ, ഉടനെ അർജ്ജുനന്റെ ചുണയില്ലായ്മയെ ഊന്നി ഓരോ ആക്ഷേപങ്ങൾ പുറപ്പെടുവിച്ചു. അതു കേട്ടപ്പോൾ തന്റെ രാജസവിൎയ്യം ഒന്നുകൂടി ഉണൎത്തപ്പെട്ടതിനാൽ തന്റെ ധീരപ്രവൃത്തികളെ എല്ലാം പറഞ്ഞു കേൾപ്പിക്കുന്നതോടുകൂടി ബ്രാഹ്മണന്റെ പത്താമത്തെ പുത്രനെ രക്ഷിക്കുവാൻ സാധിക്കാത്തപക്ഷം താൻ

കയ്യിലിരിക്കും ഗാണ്ഡീവമൊട്ടും
തീയ്യിൽച്ചാടി മരിച്ചീടുന്നേൻ

എന്നു സത്യംചെയ്തു കഴിയുന്നു. തനിക്കുണ്ടായിട്ടുള്ള എല്ലാ മേന്മകൾക്കും കാരണക്കാരനായി ഉറ്റമിത്രത്തിന്റെ സ്ഥാനം കൈക്കൊണ്ടിരിക്കുന്ന ശ്രീകൃഷ്ണനോടു താൻ ആലോചിക്കയുണ്ടായില്ല എന്നുള്ളതാണ് അർജ്ജുനനു പററിയ തെററ്. ഈ കുററത്തിനു തക്ക ശിക്ഷ അർജ്ജുനനു കിട്ടുന്നതായിട്ടും നാം ഈ കൃതിയിൽ കാണുന്നു.

ഇങ്ങനെയെല്ലാമാണെങ്കിലും കൃഷ്ണനെപ്പററി അർജ്ജുനനുള്ള ആദരവിനു ലവലേശം കുറവു വന്നിട്ടില്ലെന്നും ഓർക്കേണ്ടതാണ്. ബ്രാഹ്മണനോടു സത്യംചെയ്തപ്പോൾ "ശ്രീകൃഷ്ണൻ ശ്രീപാദത്താണ" എന്നും, ബ്രാഹ്മണകുമാരരക്ഷയ്ക്കായി പുറപ്പെടുമ്പോൾ സുഭദ്രയോടു യാത്ര ചോദിക്കുന്ന കൂട്ടത്തിൽ

നിന്നുടെ സോദരന്റെ കാരുണ്യമുണ്ടെന്നാകിൽ
കണ്ടീടാമല്ലെന്നാകിൽ കണ്ടതു കാര്യംതന്നെ

എന്നും, തന്റെ ശ്രമംകൊണ്ടു കുട്ടിയെ ലഭിക്കുവാൻ തരപ്പെടുന്നില്ലെന്നു കാണുമ്പോൾ 'ശ്രീകൃഷ്ണൻ ദുഃഖമെന്നെയൊഴിച്ചു' എന്നും ഉള്ള പ്രസ്താവങ്ങളിൽ, അന്ത്യഘട്ടത്തിലെന്നപോലെതന്നെ പ്രാരംഭത്തിലും അർജ്ജുനനു കൃഷ്ണനിലുള്ള ഭക്ത്യാദരങ്ങൾക്കൊട്ടും കുറവില്ലെന്നു കാണുന്നു. തന്റെ സകല പ്രതാപങ്ങൾക്കും ഹേതുഭൂതനായ കൃഷ്ണനോടു് ആലോചിച്ചുകൊള്ളേണ്ടതായ കടമയെപ്പററി അർജ്ജുനനെ ഉദ്ബോധിപ്പിക്കാതെയിരുന്ന

സ്വപൌരുഷവിശ്വാസം കൃഷ്ണന്റെ പേരിൽ അർജ്ജുനനുണ്ടായിരുന്ന ഭക്ത്യാദരങ്ങൾക്ക് ഈ സന്ദർഭത്തിൽ [illegible] പ്രകൃതിഭേദം വരുത്തി. അതായത്തു താനെടുത്തുചാടുന്ന ഏതിലും കൃഷ്ണൻ തന്നോടുള്ള അതിരററ സ്നേഹം പ്രമാണിച്ച് അനുഗമിക്കാതിരിക്കയില്ലെന്നുള്ള ധൈര്യവും അതുകൊണ്ടു കൃഷ്ണനോട് ഇതേപ്പററി പ്രത്യേകമൊന്നാലോചിച്ചിട്ടാവശ്യമില്ലെന്നുള്ള ഒരു തോന്നലും അർജ്ജുനഹൃദയത്തിൽ ജനിച്ചതു് ഇതുകൊണ്ടുതന്നെ. ഏതായാലും തന്റെ കർത്തവ്യമനുസരിച്ച് ഏതൊരാത്മമിത്രത്തിനോട് ആലോചിച്ചു താനൊരു കാര്യത്തിനുദ്യമിക്കേണ്ടിയിരുന്നുവോ ആ മിത്രത്തിന്റെ സഹായത്തോടുകൂടിയല്ലാതെ അക്കാര്യം സാധിക്കുന്നതല്ലെന്നു വരുന്നതില്പരം ഒരു ശിക്ഷ അഭിമാനികളായ സജ്ജനങ്ങൾക്കുണ്ടാകേണ്ടതില്ലല്ലോ. അതുകൊണ്ട് അഗ്നികുണ്ഡത്തിൽ ചാടുവാനൊരുങ്ങുന്ന അർജ്ജുനനെ ആ സാഹസകൃത്യത്തിൽനിന്നും പിടിച്ചുമാററുമ്പോൾ കൃഷ്ണൻ ചോദിക്കുന്നു:

ഭൂസുരബാലപരിപാലനവീരവാദ-
ഹേതുവതെന്നോടു പറയാഞ്ഞതെന്തു പാർത്ഥ!

എന്ന ചോദ്യത്തിലെ സ്നേഹശാസന, അർജ്ജുനനു മേലാൽ ഈ സ്മരണയെ എന്നും നിലനിർത്തുവാൻ പര്യാപ്തമായ ശിക്ഷതന്നെ.

മതതത്വം. ഇനിയും ഹിന്ദുമതവിശ്വാസത്തിനു് അനുസരണമായ വേറൊരു തത്വം ഈ കഥയുംകൂടി സ്ഥാപനമായി നില്ക്കുന്നുണ്ടു്. മഹാവിഷ്ണുവിന്റെ വീര്യത്തോടുകൂടി നരനെന്നും നാരായണനെന്നും രണ്ടു മൂർത്തി-

കൾ ഉള്ളതിൽ, നരന്റെ അംശം അർജ്ജുനനും, നാരായണന്റെ അംശം ശ്രീകൃഷ്ണനും ആണ്. നരനാരായണന്മാർ തമ്മിലുള്ളപോലെതന്നെ ഒരു അഭിന്നപ്രകൃതിയാണ് കൃഷ്ണനുമർജ്ജുനനും തമ്മിലുള്ളതു്. നരാംശജാതനായ അർജ്ജുനൻ ഈ ലോകത്തിലെ ഐശ്വര്യപ്രമത്തത നിമിത്തമുണ്ടായ അഹങ്കാരത്താൽ, നാരായണാംശമായ കൃഷ്ണനു തന്റെ മേലുള്ള അധികാരത്തെ സാർവ്വത്രികമായി ആദരിക്കുന്നില്ലെന്നുകണ്ടു്, ഈ രണ്ടു് അവതാരമൂർത്തികൾക്കും മൂലകാരണമായുള്ള മഹാവിഷ്ണു, നരാംശജാതനായ അർജ്ജുനന്റെ അഹങ്കാരത്തെക്കെടുത്തി ശാന്തതയും സ്ഥിരഭക്തിയും വർദ്ധിപ്പിച്ചു് ഇങ്ങനെ കൃഷ്ണാർജ്ജുനന്മാരെ ഏകോപിച്ചുവരുത്തി ലോകാഭ്യുദയത്തിനായി പ്രയത്നിപ്പിക്കുവാനുള്ള ഒരു നിമിത്തഹേതുവാക്കി മാത്രം, മഹാമായയെക്കൊണ്ടു് ബ്രാഹ്മണശിശുക്കളെ അപ്പോഴപ്പോൾ അപഹരിക്കയുണ്ടായി. നരാംശജാതനായ അർജ്ജുനനുണ്ടായപോലെയുള്ള പറവമാനവും ഭ്രമവും ഐഹികസുഖങ്ങളിൽ, ശ്രീകൃഷ്ണനുണ്ടാകാതെ ഇരുന്നതിനാൽ, മഹാവിഷ്ണുവിന്റെ ഈ ഉദ്ദേശം ആദികാലത്തുതന്നെ ശ്രീകൃഷ്ണനു് അറിയാമായിരുന്നിരിക്കണം. യാഗസദസ്സിൽവെച്ചു് ബ്രാഹ്മണന്റെ ശിശുമരണപ്രസ്താവത്തെപ്പററി കൃഷ്ണൻ ഗൌനിക്കാതെയിരുന്നതും ഇതുകൊണ്ടുതന്നെയാവാം. ഭക്തന്മാർ ചിത്തശുദ്ധിയും ശാന്തതയും വരുത്തി അവർ മേലാൽ സദ്ഗതി ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന ഭക്തവത്സലനായ ഈശ്വരന്റെ സ്നേഹശാസനാവിലാസങ്ങളെ ഇപ്രകാരം ഇക്കഥ പ്രകാശിപ്പിക്കുന്നുണ്ടു്.

വൎണ്ണനാരീതി അതാതു കഥാപാത്രങ്ങളുടെ സ്വഭാവസ്ഫുടതയ്ക്കനുസരണമായുള്ള പറച്ചിലുംപ്രവൃത്തിയും ഓരോ സന്ദൎഭങ്ങളിലായി നമ്പ്യാർ രചിച്ചുവെച്ചിട്ടുള്ളതു് ആകപ്പാടെ അവയ്ക്കു തന്മയതാഗുണം വരുത്താറുണ്ടു്. സ്വതേ ശുദ്ധാത്മാവായ ഇതിലെ ബ്രാഹ്മണൻ, തന്റെ കുട്ടികളെല്ലാം മരിച്ചതുനിമിത്തം തനിക്കുണ്ടായിരിക്കുന്ന അന്തസ്താപത്തിൽ കൃഷ്ണൻ മുതൽപേർ ഒരനുതാപഭാവംപോലും കാണിക്കുന്നില്ലെന്നു കാണുമ്പോഴം.

‘ദുഷ്പ്രഭുവേ! നീയേറെ ഞെളിഞ്ഞാൽ
ക്ഷിപ്രം നിന്നെ ശപിക്കും ഞാനും;

എന്നു കൃഷ്ണനോടു് കോപിക്കണമെങ്കിൽ സന്താപമൂൎഛകൊണ്ടു അയാൾക്കുണ്ടായിരിക്കുന്ന പാരുഷ്യവും കഥയില്ലായ്മയുമെന്തുമാത്രമെന്നു ആൎക്കും തോന്നിപ്പോകുന്നു. അതുപോലെതന്നെ ബ്രാഹ്മണനും തൽപത്നിയുമായുള്ള സംഭാഷണത്തിലെ പത്നിയുടെ ചോദ്യക്രമം നല്ലവണ്ണം പരിശോധിച്ചാൽ, മേലാൽ ജീവനോടുകൂടി [redacted] കുട്ടിയെ എങ്കിലും കിട്ടുവാൻ സംഗതിയുണ്ടാകുമോയെന്നു ആ സന്ദൎഭത്തിൽ ഒരു പെററ തള്ളയ്ക്കുണ്ടാകാവുന്ന അന്ധാളിപ്പിനെ നല്ലവണ്ണം വ്യക്തപ്പെടുത്തുന്നതായിക്കാണാം. തന്റെ ആത്മബന്ധുവായ അൎജ്ജുനൻ തീയിൽ ചാടി മരിക്കാൻ പോകുന്നുവെന്നുകേട്ടു്, ശ്രീകൃഷ്ണൻ നിൎവ്വിഷമായ സ്നേഹാൎത്തിയോടുകൂടി

ഓടിവലഞ്ഞും, നാഡികുഴഞ്ഞും,
വാടിയുലഞ്ഞും, മാടിവിളിച്ചും,
വിജയാ! വിജയാ! എന്നുവിളിച്ചും,
അരുതേ സാഹസമെന്നു പറഞ്ഞും,

[redacted] വരവ് അത്യന്തം സ്വാഭാവികമെന്നേ പറയേണ്ടതുള്ളു. ശൈശവകാലത്തിൽ അച്ഛൻ മക്കളെ എന്ന കണക്കെ മഹാവിഷ്ണു വളൎത്തിക്കൊണ്ടുവന്ന കുട്ടികളുടെ ക്രീഡാവൈചിത്ര്യവും ഇപ്രകാരമുള്ള ലാളനയേററു വളൎന്നുവന്ന കുട്ടികൾക്ക് അച്ഛനമമ്മയും വേറേയാണെന്നറിയുമ്പോൾ തോന്നുന്ന വിഷാദവും, ഇതേവരെയുള്ള സംരക്ഷകരെ പെട്ടെന്നു പിരിയുന്നതിൽ ഇവൎക്കുണ്ടാകുന്ന വൈമനസ്യവും ബാല്യപ്രകൃതിക്ക് എത്രയും ചേൎന്നതുതന്നെ.

സ്വഭാവതന്മയത്വം. ഇതിലെബ്രാഹ്മണൻെറ കാൎയ്യം പ്രത്യേകിച്ച പ്രസ്താവയോഗ്യമാണ്. [redacted] സാദ്ധ്യമെന്നു കൃഷ്ണനൊഴിഞ്ഞ കാൎയ്യമുണ്ടോ അൎജ്ജുനൻ സാധിപ്പാൻപോകുന്നു എന്ന ശങ്ക നിമിത്തം–

ക്ഷിതിപതിമാരുടെ ദുസ്സാമൎത്ഥ്യം
ക്ഷിതിസുരവരരൊടു കൂടുകയില്ല

എന്നു ഞെളിഞ്ഞു പിടിച്ചുനിന്ന് അൎജ്ജുനനെ കയൎക്കുന്നതും, വീൎയ്യപരാക്രമശാലിയായ അൎജ്ജുനൻെറ ശപഥം കേട്ടു വിശ്വാസം ജനിക്കുമ്പോൾ

സജ്ജനവന്ദിതനായോരൎജ്ജുനാ നീയെന്ന്യേ മററു
ഇജ്ജനത്തിന്നാരുമൊരു ശരണമില്ലേ

എന്നു നിൎവ്വിശങ്കം ക്ഷമായാചനം ചെയ്യുന്നതും, അന്ധാളിപ്പുനിമിത്തം വിശ്വസിക്കാതെ പിന്നെയും പിന്നെയും ഓരോ ചോദ്യം ചോദിച്ചു തന്നെ മുഷിപ്പിക്കുന്ന ഭാൎയ്യയോട് എടുത്തെറിഞ്ഞവണ്ണം

കുന്തീസുതന്നു മരിപ്പാനുമുണ്ടോ
ഭ്രാന്തു പിടിച്ചു ശിരസ്സിലെഴുത്തു്?

എന്നു പറഞ്ഞു ഗൌരവത്തോടുകൂടി ശാസിച്ചുനിര ത്തുന്നതും ഇത്രമേൽ വിശ്വസിച്ചിരുന്ന പത്താമത്തെ പ്രസവത്തിൽ ഉണ്ണിയുടെ ശവശരീരംപോലും കണ്മാനി ല്ലെന്നു വന്നപ്പോൾ കേവലം നിരാശയ്ക്കടിപെട്ടു് ഉന്മ ത്തനേപ്പോലെ പുറത്തുവന്നു് അർജ്ജുനനോടു "മദ്യം സേ വതുടങ്ങീട്ടുണ്ടോ' എന്നും മററും അസഭ്യങ്ങളായി 'വായിത്തോന്നിയതഖിലമുരച്ച'തും ഒടുവിൽ ശിശുക്കളെ യെല്ലാം അപ്രതീക്ഷിതസന്ദർഭത്തിൽ കിട്ടുമ്പോൾ അത്യ ന്തം ആനന്ദവിവശനായി

മക്കൾ മരിച്ചൊരു ദുഃഖനിമിത്തമെ-
നിക്കു ഭവിച്ചൊരതിഭ്രമമൂലം
ദുഷ്കൃതവചനമുരത്തവയെല്ലാം
സൽകൃതമെന്നേ ബോധിക്കാവൂ

എന്നുപറഞ്ഞു ചിരിച്ചൊഴിയുന്നതും ശുദ്ധാത്മാ ക്കളായ "ഭൂസുരവരരുടെ ശീലമതെ"ന്നാരും തലകുലുക്കി സമ്മതിച്ചുപോകുന്നു.

ഫലിതം. നമ്പ്യാരുടെ കൃതികൾ ഫലിതപ്രയോ ഗത്തിനു സുപ്രസിദ്ധമായിട്ടുള്ളതാണല്ലോ. മിക്കവാറും വർണ്ണനകളിലും അലങ്കാരപ്രയോഗങ്ങളിലും ഫലിതം ക ലത്തി സ്വാരസ്യം വരുത്താറുണ്ടു്. ബ്രാഹ്മണൻെറ പരാ തിയെപ്പററി ഗൌനിക്കവാൻ ലോകരീത്യാ നോക്കുന്ന തായാൽ കൃഷ്ണനു് യാഗസന്ദർഭത്തിൽ തീരെ സൌകര്യമു ണ്ടാവാൻ കണക്കില്ലെന്നു വരുത്തുമാറു യാഗാരംഭഘട്ട

ത്തിലെ അതിഥിപ്പെരുപ്പത്തേയും ബ്രാഹ്മണബഹളത്തേയും മററും

സദ്യശ്രമിപ്പാനനിരുദ്ധാദികൾ
തദ്ദിശിപോകെന്നവരെ യയച്ചു
....
അടിതിരി അക്കിത്തിരി ചോമാതിരി
പട്ടേരിപ്പാൻ നമ്പൂതിരിയും
....

എന്നിങ്ങനെ വർണ്ണിച്ചിരിക്കുന്നു. ഇതിനാൽ ഫലിതവും സിദ്ധിക്കുന്നു. ദ്വാരകയിൽ ബ്രാഹ്മണൻ മൃതശരീരവുംകൊണ്ടു കടന്നുവന്നതുകണ്ടു്,

ഭൂസുരവരരുടെ ചുടലക്കളമോ
ഭാസുരമാമി ദ്വാരകനഗരം?

എന്നും മററും ഫലിതമായി വിമർശിക്കുന്ന ജനങ്ങളുടെ പരസ്പരസംഭാഷണം ശവവും ചുമന്നുംകൊണ്ടു യാഗസദസ്സിൽ പോകുന്നതിലുള്ള പുതുമയെ നല്ലവണ്ണം വ്യംഗിപ്പിക്കയുംകൂടി ചെയ്യുന്നുണ്ടല്ലോ. അന്തകപുരിയിൽ ചെല്ലുന്ന അർജ്ജുനനെക്കണ്ടു ഭടന്മാർ തടയാനൊരുങ്ങുന്നതും, അർജ്ജുനൻെറ പ്രസ്താവംകേട്ടു വല്ലാതെ ആധിപിടിച്ചു വിയർത്ത കൃതാന്തൻ,

'ഏതൊരു ഭൂസുരനേതൊരു ബാലക-
നേതൊരു ദിക്കിനു കൊണ്ടുതിരിച്ചു?

എന്നു തുടങ്ങി നന്നായി വെമ്പി മറുപടി പറയുന്നതും, ഫലിതത്തോടുകൂടിത്തന്നെ അർജ്ജുനൻെറ അപ്പോഴത്തെ ധീരോദ്ധതപ്രകൃതിയേയും പ്രകാശിപ്പി

ക്കുന്നു. വർണ്ണ്യസ്ഥിതിയെ ശ്രവണമാത്രയിൽതന്നെ മനസ്സിൽ ഉദിപ്പിക്കുന്നപ്രയോഗചാതുര്യം ധിമുന്തീം,ധീം ധിമുന്തീമം" തകൎക്കുന്ന തൊമ്മനാലിയിലും, "പോക്കാക്കേക്കേ"യെന്നു പറഞ്ഞു കുട്ടികളെ കളിപ്പിക്കുന്നതിലും,"ഇതിലിതിലതിലിതിലെന്നു" പറഞ്ഞുംകൊണ്ടു കുട്ടികൾ വിരലു പിടിച്ചു നിവൎത്തുന്നതിലും, ഫലിതാന്വിതമായി പ്രത്യക്ഷപ്പെടുന്നു. ഇതുകൂടാതെ ബ്രാഹ്മണനും ഭാൎയ്യയുമായിട്ടുള്ള സംഭാഷണത്തിലും അൎജ്ജുനനെ ബ്രാഹ്മണൻ ആക്ഷേപിക്കുന്ന രണ്ടു ഘട്ടങ്ങളിലും ആളുകൾക്കു ചിരിക്കുവാൻ ധാരാളം വകയുണ്ടാക്കിക്കൊടുക്കുന്നുണ്ടു്. ബ്രാഹ്മണൻ യാഗസദസ്സിൽ മൃതശരീരവുംകൊണ്ടു ചെല്ലുമ്പോൾ കാണിക്കുന്ന തിടുക്കങ്ങളും, പ്രസവശാലയിലെ ബഹളങ്ങളും നമ്പ്യാർ വിസ്തരിച്ചു വൎണ്ണിച്ചു സന്ദൎഭപ്രതീതി വരുത്തുവാൻ ശ്രമിക്കുന്നു. പുരാണസങ്കല്പങ്ങൾക്കനുസരണമായ ഒരു വൎണ്ണനയാണു് യഥോചിതം നമ്പ്യാർ വൈകുണ്ഠവിഷയത്തിൽ പ്രയോഗിച്ചിരിക്കുന്നതു്.

ഭാഷ. <u>(1) ലാളിത്യഗുണം.</u> സാധാരണ ഭാഷാകവികളെ അപേക്ഷിച്ചു നമ്പ്യാരുടെ കവിതയ്ക്കുള്ള ഭാഷാരീതി വളരെ ലളിതമാണു്.

ശീലുകളിൽ ഒതുങ്ങത്തക്കവണ്ണം പ്രത്യയാന്തങ്ങളോടു കൂടിയ സംസ്കൃതപദങ്ങളെ കൂടക്കൂടെ ഉപയോഗിക്കാറുണ്ടെങ്കിലും പൊതുവെ ഭാവാൎത്ഥം ഏതു മലയാളിക്കും മനസ്സിലാകത്തക്കവണ്ണമുള്ള ഒരു വൈശിഷ്ട്യമാണു് നമ്പ്യാരുടെ ഭാഷാപ്രയോഗത്തിൽ കാണുന്നതു്. ഇതുപോലെതന്നെ വൃത്തത്തിനു ചേരുന്ന പ്രകാരം തന്റെ

ഉള്ളിലുദിച്ചുവരുന്ന ഗ്രാമ്യഭാഷാപ്രയോഗങ്ങളേയും അദ്ദേഹം തള്ളാറില്ല. "കൊണ്ടാന്നീട്ടില്ലാ" "ഓർത്തുകൊള്ളല്ലായ്ക്കിലന്തക." "വഹ്നിടെനടുവേ" "മന്നിടദേവൻ" "രക്ഷിപ്പൻ ബാലനെൻറച്യുതനാണെ" എന്നുള്ളതെല്ലാം ഈ വക സ്വാതന്ത്ര്യത്തിനുള്ള ദൃഷ്ടാന്തങ്ങളാണ്. വാശ്ശതും, തണ്ടുതപ്പി എന്നിങ്ങനെ ചില പദങ്ങളോട് നമ്പ്യാർക്ക് പ്രത്യേകതാല്പര്യം ഉണ്ടെന്നും കാണാം.

(ii) ശബ്ദാലങ്കാരം:—ഭാഷയിൽ ശബ്ദഭംഗി ഇത്ര ധാരാളമായി വരുത്തിയിട്ടുള്ള കവികൾ വേറെ ഇല്ലെന്നു [illegible] പറയാം.

ഈററില്ലത്തിനകത്തുപുറത്തൊരെ-
ടത്തുകരത്തിൽ ധനുസ്സുമെടുത്തുവ-
ലത്തുകരത്തിലുരുതാമരത്തക-
രുത്തു പെരുത്ത ശരത്തെയുമേന്തി

എന്നും,

കായത്തോടേ ദ്വിജവരബാലക-
മായത്തോടേ കൊണ്ടുതിരിച്ചുമു
ഞായത്താലല്ലെന്നതുമന്യമു-
പായത്താലെന്നാകിലുമുടനേ-
പോയെത്തീടിന ദേശത്തോളം
പോയിത്തിരവൻ കൊണ്ടിഹ വരുവൻ.

എന്നുമുള്ള ഭാഗങ്ങളിൽ എത്ര ഭംഗിയായി കോർത്തുകെട്ടിയവണ്ണം ശബ്ദസ്വാരസ്യം വരുത്തിയിരിക്കുന്നെന്നു നോക്കുക.

(iii) അത്ഥാലങ്കാരം:—വർണ്ണ്യസ്ഥിതികൾക്കുള്ള യഥാത്ഥഭാവത്തെ മനസ്സിൽ പെട്ടെന്നുദിപ്പിക്കുവാൻ ശേഷിയുള്ള അത്ഥാലങ്കാരപ്രയോഗവും നമ്പ്യാക്ക് സാധാരണമാണ്.

ചുററും വന്നു നിരക്കും ശശിയുടെ
ചുററും നക്ഷത്രങ്ങൾ കണക്കെ

യാഗസഭയിൽ കൃഷ്ണൻ ശോഭിച്ചതായും,

മരണമടുത്ത പുമാനുടെ ശ്വാസവി-
കാരം കണ്ടു രസിക്കുംപോലെ

ബ്രാഹ്മണന്റെ സങ്കടത്തിൽ കൃഷ്ണൻ പ്രസന്നഭാവം കാണിച്ചതായും,

വാളും തോട്ടിയുമാദരിയാതൊരു
കളഭം നിന്നു മദിക്കുംപോലെ

ബ്രാഹ്മണസങ്കടം കണ്ടു് അജ്ജുനൻ അതിനു കാരണക്കാരനായവന്റെ പേരിൽ ദ്വേഷംകൊണ്ടുറഞ്ഞതായും പ്രസ്താവിച്ചിട്ടുള്ള ഘട്ടങ്ങളിൽ നമ്പ്യാരുടെ ഉപമാസാരസ്യം കാണുന്നു.

വില്പാനായിക്കൊണ്ടുഗമിച്ച മ-
രപ്പാവയ്ക്കിഹ വിലവേചരാഞ്ഞാ-
ലപ്പോളുടനേ തിരിയെക്കൊണ്ടുഗ-
മിപ്പാൻ ഭാവിച്ചെന്നകണക്കെ

മൃതശരീരവുംകൊണ്ടു സാധുബ്രാഹ്മണൻ തിരിയെപ്പോയെന്നു പറയുന്നിടത്തെ നേരംപോക്കു കുറെ കക്കശംതന്നെയെങ്കിലും, ബ്രാഹ്മണന്റെ പോക്കിനെ സംബന്ധിച്ചിടത്തോളം സാക്ഷാൽകരണശക്തിയുള്ളതും ആ

ങ്ങനെ മൃതശരീരത്തെ അങ്ങോട്ടും ഇങ്ങോട്ടും കൊണ്ടുനടക്കുവാനിടയാക്കിയ ദുർദ്ദൈവവിപാകത്തിനുള്ള നിഷ്ഠം [redacted] സസന്താപം ആരെയുമനുസ്മരിപ്പിക്കുന്നതും ആകുന്നു.

[redacted]നപിടിച്ചാലിളകാത്തൊരു തടി
ശാഖാവിനുകൊണ്ടു ഗമിക്കായ്‌വരുമോ?

എന്നുള്ള പ്രസ്താവം സന്ദർഭംകൊണ്ടു "കൃഷ്ണൻ മുതലായവരാൽ ദുസ്സാധമായിട്ടുള്ളതാണോ അർജ്ജുനൻ സാധിച്ചുതരുവാൻ പോകുന്നതു്" എന്നുള്ള സംഗതിയെ കേൾക്കുന്നവരുടെ ഉള്ളിൽ ഉദിപ്പിക്കുന്നതാകയാൽ അവിടേയും സരസമായ ചമൽക്കാരം പ്രയോഗിച്ചുകാണുന്നു. പഴഞ്ചൊല്ലുകളെ ഇടയ്ക്കു നമ്പ്യാർ കലത്തി പ്രയോഗിക്കാറുണ്ടെന്നുള്ളതിനു് ഒരു ദൃഷ്ടാന്തമാണു്

അങ്ങാടീത്തോററന്നാലിങ്ങിതി-
നമ്മയൊടെന്ന പഴഞ്ചൊല്ലോത്തു

എന്നുള്ളതു്.

(i) പാഹിധനഞ്ജയ പാതമെദനാജയ
പാഹിധനഞ്ജയമയമിഹഭഗവൻ!

(ii) അന്ന്യായം പലതിങ്ങനെ ബ്രാഹ്മണ-
നന്ന്യായംവെച്ചുരചെയ്തിട്ടും

എന്നിങ്ങനെ ശബ്ദസാരൂപ്യത്തെ അടിസ്ഥാനപ്പെടുത്തി ഭംഗി പിടിപ്പിക്കുന്നതിനും;

കുന്തീനന്ദനനെന്നു കേട്ടിട്ടില്ലയോ ഭൂപ
അന്തകവൈരിഞ്ഞാനമന്തരമെന്നോവേണ്ടു

എന്നിങ്ങനെ രണ്ടുപേരെ നിർദ്ദേശിക്കത്തക്ക ഒററ വാക്ക് ഉപയോഗിച്ചു വ്യതിരേകഭംഗി വരുത്തുന്നതിനും നമ്പ്യാർ സമത്ഥൻതന്നെ.

ഉപസംഹാരം. മററു ചില കൃതികളിൽ ധാരാളം പ്രതിബിംബിക്കാറുള്ളതുപോലെ സാമുദായികസ്ഥിതികളെ സംബന്ധിച്ച് ഇതിൽ "ദേവസ്വം, ബ്രഹ്മസ്വം, കേവലമടക്കിക്കൊണ്ടു" എന്നു പേരിനുമാത്രം കാണുന്നതല്ലാതെ മററു ഗൌരവതരമായ യാതൊരു സംഗതിയും പ്രസ്താവിച്ചു കാണാത്തതിനാലും, ഗ്രാമ്യപദങ്ങളെന്നുമാത്രമല്ല, മുൻപറഞ്ഞിട്ടുള്ളപ്രകാരം ഗ്രാമ്യപ്രയോഗങ്ങളും ഇതിൽ പലേടത്തും സുലഭങ്ങളെന്നു കാണുന്നതിനാലും, ലോകോക്തികളുടേയും നീതിസാരവാക്യങ്ങളുടേയും ദൌർല്ലഭ്യത്താലും, ഏതാദൃശങ്ങളായ മററു ചില കാരണങ്ങളാലും, ഈ കൃതി കുഞ്ചൻനമ്പ്യാർ തുള്ളൽക്കഥകൾ എഴുതിത്തുടങ്ങിയ പ്രാരംഭഘട്ടത്തിൽ, രചിച്ചിട്ടുള്ളതാണെന്നു അഭിപ്രായപ്പെടേണ്ടിയിരിക്കുന്നു.

സന്താനഗോപാലം

ഓട്ടൻതുള്ളൽ.

വെള്ളിക്കുന്നിലമൎന്നെഴുന്ന ഭഗവാൻ,
വെള്ളപ്പുള്ളുങ്കാരയും
വെള്ളം നല്ലൊരു വെള്ളെരുക്കിവ ജട-
യുള്ളിൽ സദാ ചൂടുവോൻ,
എള്ളോളം തിരുവുള്ളമെന്നിലധുനാ
തുള്ളല്ലൂഢയ്യേകവാൻ,
കിള്ളിക്കുർശ്ശിയമൎന്നദേവമനിശം
കള്ളം വിനാ ഭാവയേ.

സന്തതിധനധാന്യാദി സമസ്തം
ചിന്തിച്ചതുപോലാശു കൊടുക്കും
സന്താനദ്രുമമാകിയ സന്തതി-
ഗോപാലം കഥയതു കഥനീയം.
അതിമോദത്തോടുരചെയ്യാമതു
മതിമാന്മാർ കേട്ടരുളുകവേണം.
മൽ കൃതികൾക്കൊരു പിഴ വന്നാലും
സൽകൃതിയെന്നിഹ വരുവതിന്നായി
സുകൃതികളാകിയ കൃതികളെയിന്നുന-
മസ്കൃതി ചെയ്യുന്നെല്ലാവരെയും.

വികൃതി പറഞ്ഞു നടക്കും ദുർജ്ജന-
നികൃതികൾ കൊണ്ടൊരു ക്രൂസലുമില്ലാ.
നാരായണനുടെ കഥ പറയുമ്പോ-
ളോരോ ദൂഷ്യം വന്നെന്നാലും,
പോരായ്മകളില്ലെന്നതുകൊണ്ടോ
ധീരതയുള്ളിൽ വളർന്നീടുന്നു.

കാരണപൂരുഷനാകിയ ഭഗവാ-
നാരണപൂജിതനതി സുകുമാരൻ
കാരുണ്യാലയനച്യുതനർജ്ജുന-
സാരഥി ഭക്തപ്രിയനാം കൃഷ്ണൻ
ദ്വാരകയെന്ന മഹാപുരി തന്നിൽ
സ്വൈരം വാണരുളീടിന കാലം,
ശതമഖമുഖസുരവന്ദ്യൻ കൃഷ്ണൻ
വിരവൊടു ഹയമേധം ചെയ്വാനായ്
ചിതമൊടു യജ്ഞപുരാദികൾ തീർത്തി-
ട്ടതിനു പ്രയത്നം ചെയ്തുതുടങ്ങി.
ജ്യേഷ്ഠനതാം ബലഭദ്രരോടും പരി-
തുഷ്ടന്മാരാം വൃഷ്ണികളോടും
ഇഷ്ടന്മാരിൽ ശ്രേഷ്ഠനതായ യു-
ധിഷ്ഠിരസോദരനാം സഖിയോടും
തുഷ്ട്യാ ഗേഹം പുക്കതിമോദാൽ
സദ്യശ്രമിപ്പാനനിരുദ്ധാദികൾ
തദ്ദിശി പോകെന്നവരെയയച്ചു.
ശ്ലാഘ്യത പെരുകിന മാമുനിവരരുടെ
യോഗ്യതപോലെയിരുത്തി യഥാവൽ,
യാഗത്തിന്നായ് വന്നോരു നരവര-
യോഗത്തോടുമിരുത്തി മുകുന്ദൻ.

അന്തണവരരുമസംഖ്യം വന്നി-
ട്ടന്തികസീമ്നിയിരുന്നു തുടങ്ങി;
അടിതിരിയക്കിത്തിരി, ചോമാതിരി,
പട്ടേ,ര്യെമ്പ്രാൻ, നമ്പൂതിരിയും,
പട്ടന്മാരും, കുട്ടികളൊരുവക,
വട്ടം പറവാൻ കാലം പോരാ;
മററും പലപല സാധുജനങ്ങള-
മററം കൂടാതസ്സഭതന്നുടെ
ചുററും വന്നു നിറഞ്ഞു; ശശിയുടെ
ചുററും നക്ഷത്രങ്ങൾകണക്കെ.
ഏററം ഘോഷിച്ചങ്ങിനെ ജഗതീ-
ചോററിയുമവിടെയിരുന്നരുളുമ്പോൾ,
തത്ര സമീപത്തുള്ളൊരു ഭൂസുര
സത്തമനാം പുനരന്തർജ്ജനവും
എത്രകൊതിച്ചിട്ടുണ്ടായ്‌വന്നൊരു
പുത്രൻ ചത്തു പിറന്നു ധരായാം.
അതതലൊരുദ്വിജവരനന്തുടെ
ഹസ്തതലത്തിലെടുത്തുകുമാരം
ഉത്തമപുരുഷപാദാംബുജസേവക-
നുത്തമഭൂഷിതവക്ഷസി താഡി-
ച്ചത്യുച്ചത്തിലിവണ്ണം ശിവ ശിവ!
പത്തിരുന്തുര വിലാപിച്ചിട്ട്
ചിത്തവിഷാദാൽ ചൊന്നാനപ്പോൾ.

പദം

ഹന്തഹന്ത മുരാന്തക! ബന്ധുരാംഗ! ദയാരാശെ!
ബന്ധമെന്തിനിക്കീവണ്ണം സംഭവിപ്പാനും?

വിപ്രകർമ്മം പിഴയാതെ കില്ബിഷാംശമണയാതെ
ചില്പുരുഷാച്ചനസേവ ലുബ്ധരാക്കാതെ
കൃഷ്ണ കൃഷ്ണ! എന്നല്ലാതെ തൃഷ്ണയെന്ന്യെമെന്മനസ്സിൽ
വൃഷ്ണിവംശ ശിഖാമണേ!ചിന്തയില്ല മേ.
പാലയ കൃപാലയ! ലോകാലയ! ഗുണാലയ!മാം
വേലയില്ല ഭവാനോർത്താൽ പാലനമസ്മൽ.

ഇത്ഥം ദുഃഖിച്ചു പുനരുത്ഥാനംചെയ്തു വിപ്രൻ
പുത്രനെയുമെടുത്തു പ്രസ്ഥാനംചെയ്തു ശീഘ്രം;
പേർത്തും ശയിച്ചുദുഃഖമോർത്തും, ശരീരംപാരം
നേർത്തും, ആനനംപാരം വീർത്തും, കണ്ണനോടാശു
കയർത്തും, കണ്ണുനീരൊട്ടു വാർത്തും, കൈകൊണ്ടു കൂടെ
തോർത്തും, ഭാര്യേടെ ദുഃഖമോർത്തും, പാരാതെ യാത്ര
പേർത്താപറഞ്ഞു, ശീഘ്രം ആർത്തനായ് പുറപ്പെട്ടു;
സത്യസ്വരൂപനാം ശ്രീകൃഷ്ണൻെറ മുമ്പിൽകൊണ്ടായ്
സത്വരം വെച്ചു നിജ പുത്രനേയുമദ്ദേഹം.
നിരക്കുംപന്തിയിൽ ചെന്നങ്ങിരിക്കും നിർമ്മലന്മാരാ-
യിരിക്കും മാലോകർക്കുള്ളമെരിക്കും കന്മഷത്തെ സം-
ഹരിക്കും, മാലോകർ മററുള്ളവർക്കും ഗൃദ്ധമാനസ-
മിരിക്കും ശോകവഹ്നിയിൽ ദഹിക്കും ബ്രാഹ്മണനെന്നു
നടിക്കുമാറെല്ലാവരും അടിക്കും കൈകൊണ്ടു മാറ്-
ത്തടിക്കും പൊടിയാംവണ്ണമിരിക്കും ഒച്ചകൾകൊണ്ടും
നടുങ്ങും പാഞ്ഞങ്ങുമിങ്ങും നടക്കും ഉണ്ണിയെ മാറ്-
ത്തെടുക്കും കണ്ണുനകൊണ്ടെക്കൊടുക്കുംകാൽത്താരിൽ [വീണു
കിടക്കും കാലിണ കെട്ടിപ്പിടിക്കും ഉണ്ണീടെ ജീവൻ

കിടയ്ക്കും എന്നുള്ള ഭാവം നടിക്കും ഭൂസുരൻതൻെറ
തിട്ടുക്കമിങ്ങനെ കഷ്ടം!
ദുഷ്ടമാന സരാകം ഭൂസുരരെല്ലാവരും
ഞെട്ടമാറരചെയ്തിടിവെട്ടുംനാദംപോലെ.

"പാരം പരവശമാമെൻ പീഡകൾ
നേരംപോക്കായ്ത്തീൎന്നു നിനക്കും
മരണമടുത്ത പുമാനുടെ ശ്വാസവി-
കാരം കണ്ടു രസിക്കുംപോലെ.
കശ്മലമാനസ! ഞങ്ങളുമിങ്ങനെ
ദുഃഖിച്ചിട്ടു കിടപ്പാറെന്നോ?
ഉണ്ടാകുന്നു നിനക്കു സുതന്മാർ
കൊണ്ടാടിക്കൊണ്ടവരെപ്പററിചൊട്ടു
കണ്ടുരസിച്ചും കൈകളിലാക്കി
കുന്ദ്രത തീൎന്നു വസിച്ചീടും വൈ-
കുന്ദ്രാ! നിന്നുടെ നാട്യം കൊള്ളാം!
വിപ്രന്മാരുടെ ദുഃഖംകണ്ടാൽ
ഉൾപ്പൂവിങ്കൽ കൃപയില്ലാത്തൊരു
ദുഷ്ടപ്പുവെ! നീയേറെ ഞെളിഞ്ഞാൽ
ക്ഷിപ്രം നിന്നെ ശപിക്കും ഞാനും.
കുഴലുവിളിച്ചു രസിപ്പാൻ കൊള്ളാം,
തോഴ്യ വിളിച്ചു നടപ്പാൻ കൊള്ളാം,
പാലുകവൎന്നു ഭുജിപ്പാൻകൊള്ളാം,
ഇങ്ങിനെയുള്ളതിനൊക്കെക്കൊള്ളാം.
പാൎത്ഥിവധൎമ്മം തിരിയാതുള്ളൊരു
പൃത്തമതേ! യീവണ്ണം രാജ്യ-

ത്താത്തിവളന്നു കാത്തുവസിച്ചാൽ
കീത്തികളും തിറമായിത്തീരും!

നാട്ടിലിരിക്കുന്നോരു, നാനാജനത്തിൻേറയും
പാട്ടിലിരിക്കും ദ്രവ്യം പാടേ കരസ്ഥമാക്കി
വീട്ടിലിരുന്നോരോരോ ഗോഷ്ടികൾകാട്ടും നിന്നെ
ആട്ടിക്കളവാനുമീ നാട്ടിലാരുമില്ലല്ലോ."

അന്യായം പലതിങ്ങനെ ബ്രാഹ്മണ-
നന്യായംവെച്ചുരചെയ്തിട്ടും
മന്നവവരനതിനുത്തരമായി-
ട്ടൊന്നുംതന്നേയുരിയാടീല.
ഖിന്നത പൂണ്ടു വിഷണ്ണന്മാരായ്
നിന്നുചമഞ്ഞു മഹാജനമെല്ലാം.
എന്നേ! വിസ്മയമെന്നു വിചാരി-
ച്ചന്യോന്യം ചില വാക്കു തുടങ്ങി:—
"ഈരേഴുലകിനു വേരായ്മരുവിന
നാരായണനും നരനും കൂടി
പാരാതിവിടെയിരുന്നരുളുമ്പോൾ-
നേരേ വന്നൊരു ഭൂസുരനിങ്ങിനെ
ചേരാതുള്ളതു ചൊന്നതു നല്ലൊരു
നേരാസ്വരുമോ"യെന്നും ചിലരു്;
"നീരസമേതാൻ കാട്ടീട്ടുണ്ടോ
സാരസനാഭനൊടെ"ന്നും ചിലരു്;
"മാരണദേവത കൊല്ലുകയൊ? പല
ബാലകമരണമിതെ"ന്നും ചിലരു്;
"മാരണദേവത കൊല്ലുന്നതിനു നി-

വാരണമുണ്ടോ?" എന്നും ചിലരു്;
"കുട്ടികൾ ചത്താലിവിടേക്കോ ബത!
കെട്ടിക്കൊണ്ടുവരേണ്ടു ശവത്തെ?
ഭൂസുരവരരുടെ ചുടലക്കളമോ
ഭാസുരമാമിദ്വാരകനഗരം?
അതുമല്ലിതുമല്ലങ്ങിനെയല്ല
മതിസംശയമതു നിശ്ചയമാക്കാം.
ആറും രണ്ടും ചത്ത സുതന്മാ-
രാരേക്കാട്ടി സംശയമാററി?
ബലഭദ്രാർജ്ജുനനാദികളാലൊരു
ഫലമില്ലാതായ്‌വന്നെ"ന്നും ചിലർ;
പലരും പലവിധമുരചെയ്യുന്നതു
ബലനും കേട്ടിട്ടരിയാടീല.
കുലിശായുധസമനാകിയ ഭൂപതി
കുലമണിമകുടമഹാമണി വിജയൻ
കുലിശംപോലെ കഠോരവചസ്സുകൾ
കലശലൊടിങ്ങനെ കേട്ട ദശായാം
വളരും കോപമടക്കരുതാഞ്ഞക-
തളിരും കൂടെ വിറച്ചുതുടങ്ങി.
വളരും തോട്ടിയുമാദരിയാതൊരു
കളഭം നിന്നു മദിക്കുംപോലെ
ബലവീര്യാംബുധി വിജയൻ നിജകല-
ചിലയും കയ്യിലെടുത്തു പതുക്കെ
പലപല വിരുതുകളവിടെ നടിച്ചു്
ഘനജനമദഹരനാകിയ വിജയൻ

ദുഃഖം പൂണ്ടു കിടക്കും ദ്വിജനെ
കൈയ്യും പിടിച്ചെഴുന്നേല്പിച്ചുടനെ
ഭക്തിയോടേ ദ്വിജവരനെത്തൊഴുതു സ്വ-
ശക്തിനടിച്ചു പറഞ്ഞുതുടങ്ങി.

പദം

ദുഃഖംകൊണ്ടുള്ളതു പോരുംമേലിൽ
സൌഖ്യം വരുത്താൻ ഞാൻ പോരും.
ഇക്കഥകേട്ടിട്ടുമാരും ഇളകാതെ
നിൽക്കുന്നതെന്തിതു ധിക്കാരമല്ലയോ (ദുഃഖം)
ഇന്നിയൊരുണ്ണിയുണ്ടാകുമെങ്കിൽ
വന്നു രക്ഷിച്ചുതരുന്നേൻ
പന്നഗഭൂഷണകാരുണ്യംകൊണ്ടിപ്പോൾ
ഒന്നും നമുക്കു കഴിയാത്തതില്ലഹോ (ദുഃഖം)
പാരം പരിതാപത്തോടേയുള്ള
ഗീരുകളിങ്ങനെ കേട്ടാൽ
പൂരുകുലത്തിൽ പിറന്നു വളന്നോരു
പൂരുഷനേതും സഹിക്കയില്ലേതുമേ (ദുഃഖം)
പാത്ഥലമൊക്കെ നിറഞ്ഞോരെൻെറ
കീത്തികൾ കേട്ടിട്ടില്ലയോ?
മൂത്തികൾ മൂന്നും മറുപക്ഷത്തായാലും
രക്ഷിപ്പൻ ബാലനെയെൻെറ ച്യുതനാണ ഞാൻ (ദുഃഖം)

ഇത്തരമുള്ളൊരു വാക്കുകൾ കേട്ടു ക-
യത്തുപറഞ്ഞുടനജ്ജുനനോടേ.
“മതിമതി നിന്നുടെ ഗർവുകളെല്ലാം
ചതിവുകളും ഞാനറിയും മൂഢാ!

ക്ഷിതിപതിമാരുടെ ദുസ്സാമത്ഥ്യം
ക്ഷിതിസുരവരരൊട്ടു കൂട്ടുകയില്ല.
അക്കടൽവണ്ണനമഗ്രജനും പുന-
രിക്കണ്ടാളുകൾ മററുള്ളവരും
ദുർഘടമാകിയ കാൎയ്യമതെന്നു നി-
നച്ചിട്ടവരാൽ സാദ്ധ്യവുമല്ല.
ആന പിടിച്ചാലിളകാത്തൊരു തടി
ശപാവിനുകൊണ്ടു ഗമിക്കായ് വരുമോ?
ഊററക്കാരന്മാരാം നിങ്ങളെ
ത്തൊററുവരാട്ടിപ്പായിച്ചന്ന്
ഊററംകൊണ്ടൊരു ഫലമില്ലാതെ
തോററു മടങ്ങാനെന്തൊരു ബന്ധം?
എണ്ണവിലോചനയാളാം നിന്നുടെ
മാനിനിയെപ്പിടിപെട്ടു സഭായാം
ദീനതയെന്നിയെ ദുശ്ശാസനനവ-
മാനമതോരോന്നേ ചെയ്യുമ്പോൾ
നാണംകൂടാതവിടെ വസിച്ചതു
ആണുങ്ങൾക്കിഹ യോഗ്യമതാമോ?"
അക്ഷോണീസുരനാഥനിവണ്ണ-
മധിക്ഷേപിച്ചു പറഞ്ഞതു കേട്ടു
വീൎയ്യപരാക്രമശാലിയതായ കി-
രീടിയുമപ്പോളേവം ചൊന്നാൻ:—
"കഷ്ടം ഭൂസുരനിത്ഥമുരപ്പാ-
നൊട്ടും മടിയില്ലാത്തതുമെന്തേ?
കേട്ടിട്ടില്ലേ ഭൂസുരനെന്റെ വി-
ചേഷ്ടിതമൊട്ടുമറിഞ്ഞിട്ടില്ലേ?

മാരുതനന്ദനസോദരനായ മ-
ഹാരഥനർജ്ജുനനെന്നറിയേണം.
കാട്ടാളാകൃതി പൂണ്ടൊരു ഹരനൊടു
കാട്ടിയ ഘോര പരാക്രമമൂലം
കിട്ടി നമുക്കിഹ പാശുപതാസ്ത്രം
ഒട്ടും ദ്വിജവര! കേട്ടിട്ടില്ലെ?
പഞ്ചാലഭൂപാലനൊടേററുര-
ണം ചെയ്താശു ജയിച്ചു പിടിച്ചഥ
കെട്ടിയെടുപ്പിച്ചെന്നുടെ ഗുരുവിനു
പുഷ്ടകുതൂഹല ദക്ഷിണചെയ്തു.
വമ്പന്മാരാം ഭൂപതിമാരവർ
ഡംഭുംകാട്ടി ഞെളിഞ്ഞങ്ങവരുടെ
ഡാംഭത്തരവും വമ്പത്തരവും,
കൊമ്പത്തരവും, മുമ്പത്തരവും,
പിമ്പിട്ടാശു മടക്കി ദ്രൗപദി
തൻപാണിഗ്രഹണോത്സവകാലേ
യന്ത്രം ഭിത്വാ, വേളികഴിച്ചതു-
മന്തണനാഥ! കേട്ടിട്ടില്ലേ?
യാദവകേളിയതെന്ന മഹാവിധി
മാധവിഹരണം കേട്ടിട്ടില്ലേ?
സുരലോകേ ചെന്നമരാരികളാം
അരിയനിവാതക കവചന്മാരെ
വിരവിൽ വധിച്ചുടനവരെ വരിച്ചു
വിവശമൊഴിച്ചു പുരിയിലയച്ചു.
കേൾക്ക ദ്വിജേന്ദ്ര! വിരാടനൃപൻെറ പ-
ശുക്കളെയൊക്കെ ഹരിച്ചതുമൂലം

ഭീഷ്മദ്രോണകൃപാചാൎയ്യന്മാർ
ഭീഷ്മപരാക്രമരാമവർ പലരും
പോരിന്നു വന്നവരോടു പിണങ്ങി
ധീരതയോടുടനവരുമടങ്ങി.
അപ്പശുവൃന്ദമശേഷം വീണ്ടി-
ട്ടപ്പൃഥിവീശന്നാശ്ശുകൊടുത്തു.
ഘോരതമാകിന പോരതിലേററം
ധീരത പൂണ്ട മഹീപതിമാരെ
തേരതിലേററിയെതിൎത്തു ജയിച്ചൊരു
വീരൻ വിജയൻ ഞാനറിയേണം.
ലോകാധീശ്വരനാകിയ ഭഗവാൻ
ശ്രീകൃഷ്ണപ്രിയനഹമറിയേണം.
തന്റെ വലിപ്പം താൻ പറയരുതതു-
കൊണ്ടുമിതിങ്ങറിയാഞ്ഞിട്ടല്ലാ.
ധാത്രീസുരരുടെ ദുഃഖം കാണ്മതു
ക്ഷത്രിയഭൂപൎക്കുചിതവുമല്ല.
അതിനു ശ്രമിച്ചാലവരെ ദൂഷിപ്പതു-
മനുചിതമയിതവ ഭുവനസുരേശാ!
സംശയമൊട്ടും വേണ്ട മഹേശ്വര-
വംശപരാക്രമ! പൊയ്യല്ലാണ്ടാലും.
പത്താംതനയനെ രക്ഷിപ്പൻ ഞാ-
നിത്ഥം ചൊല്ലിയ സത്യഗിരംമേ
വ്യൎത്ഥമതാകിലരക്ഷണവും ബത!
പാൎത്തിരിയാതതിനുടനേ ഞാനും
കയ്യിലിരിക്കും ഗാണ്ഡീവമൊടും
തീയ്യിൽ ചാടി ദഹിച്ചീടുന്നേൻ.

സത്യം ഗുരുവരചരണത്താണ-
സത്യം പൂർവ്വജപാദത്താണ
ശ്രീഗാണ്ഡീവമാം ചാപത്താണ
ശ്രീകൃഷ്ണൻ ശ്രീപാദത്താണ
നിശ്ചയമായിദമൂർകൊണ്ടാലും
സജ്ജനനാഥ! പൊയ്യല്ലാണ്ടാലും."
മേദുരമഞ്ജുളവാക്കുകളിങ്ങനെ
ആദരവോടഥ കേട്ടൊരു വിപ്രൻ
ദുർജ്ജനരിപുവാം പാർത്ഥൻ തന്നൊടു
വിപ്രൻതാൻ പുനരരുളിച്ചെയ്തു:—

"അറിവില്ലാതെ ഞാൻ വല്ലതും പറഞ്ഞുപോയെന്നിരി [ക്കിലും
അറിവുള്ളോരു ഭവാനുള്ളിൽ കരുതിവെക്കൊല്ലേ
സജ്ജനവന്ദിതനായൊരജ്ജുന! നീയെന്യേ മററു
ഇജ്ജനത്തിന്നാരുമൊരു ശരണവുമില്ലേ.
പുത്രന്മാരൊമ്പതും ക്ഷിപ്രം ചത്തുപോയ ദുഃഖംകൊണ്ടു
ഇപ്രകാരം ദുർഭാഷണം ചെയ്തുപോയേൻ ഞാൻ.
എന്നതുകൊണ്ടൊന്നുമിന്നു മന്നവ! നിന്നകതാരിൽ
കല്മഷങ്ങൾ തോന്നരുതേ നിർമ്മലമൂർത്തേ!"

ക്ഷീണവചസ്സുകളോരോന്നിങ്ങനെ
കേണു പറഞ്ഞതു കേട്ടു കിരീടി
പാണിതലംകൊണ്ടദ്ദേഹത്തെ
താണുതലോടിപ്പുനരതിസദയം
"പോണം ഭൂസുരനിന്നി"യെന്നാണ്ടൊരു
വാണിയുമൻപൊടു യാത്രപറഞ്ഞു.

മണ്ണിൽ മരിച്ചു മലൎന്നു കിടക്കുമൊ-
രുണ്ണിയെ വേഗാൽക്കോരിയെടുത്തൊരു-
വണ്ണം യാത്രപറഞ്ഞെല്ലാരും
ഉന്നതഗുണനിധി യാത്രതിരിച്ചു.
വില്പാനായിക്കൊണ്ടു ഗമിച്ചു മ-
രപ്പാവക്കിഹ വിലചേരാഞ്ഞാൽ
അപ്പൊഴുതുടനേ തിരിയെക്കൊണ്ടു ഗ-
മിപ്പാൻ ഭാവിച്ചെന്നകണക്കേ,
അരനാഴികകൊണ്ടില്ലത്തെത്തി
ത്തെരുതെരെ വേഗമകായിൽ പുക്കു
ഉദകക്രിയവിധിയെല്ലാം ചെയ്തി-
ട്ടുടനേ തന്നുടെ കാന്തസമീപേ
പരിതാപേന വിമൂൎച്ഛിതയായി-
ട്ടുരിയാടാതെ കിടക്കും പതിയെ
തരസാ കോരിയെടുത്തു മാനോഹര-
ലീലാമന്ത്രവുമാശു തുടങ്ങി:—
"ഖേദം മതിമതി മതിമുഖി! നീയിനി
മോദിച്ചിട്ടുടനെഴുന്നേററാലും.
നാഥേ! നമ്മുടെ കാൎയ്യമിതെല്ലാം
സാധിപ്പാനൊരു യോഗംവന്നു;
പൊയ്യല്ലെന്നുടെ ദുഃഖം കണ്ടി-
ട്ടയ്യോ! കഷ്ടമിതെന്നു പറഞ്ഞു
കയ്യേററാനിക്കാൎയ്യം നമ്മുടെ
കയ്യൂക്കുള്ളൊരു പാൎത്ഥനമിപ്പോൾ
ചൊന്നതിനിന്നൊരു നീക്കം വന്നാൽ
മന്നവവരനതിനുടനേ തന്നെ

കയ്യിലിരിക്കും ഗാണ്ഡിവമോടും
തീയ്യിൽ ചാടി മരിക്കുമിദാനീം.
നമ്മുടെ സുകൃതവിശേഷംകൊണ്ടു്
മന്നവവരനടനിങ്ങിനെ ചെയ്തു.
നന്നായവിടെ വസിച്ചാലും നീ
മന്ദത പഴുതെ വൃഥാഫലമെല്ലോ"
ശാന്തിദവാക്കതു കേട്ടോരുനേരം
കാന്തയുമാശു തെളിഞ്ഞെഴുനേററു
കാന്തനുമായിട്ടോരോരോ വൃ-
ത്താന്തം തമ്മിലുരച്ചു തുടങ്ങി:-
"കണ്ണനെയുണ്ടോ കണ്ടെങ്ങാനും?"
"കണ്ണനെയും ഞാനവിടെക്കണ്ടു;"
"ഉണ്ണിയെയുണ്ടോ കണ്ടു മുകുന്ദൻ?"!
"ഉണ്ണിയെയും ഞാൻ കാട്ടിമുകുന്ദം;"
"കല്പനയെന്തെല്ലാമുണ്ടായി?"
"കല്പനയൊന്നും ഞാൻ കേട്ടില്ല;"
"കാരണപുരുഷൻ മിണ്ടാത്തതിനുടെ
കാരണമെന്തെന്നുണ്ടോ കാന്താ!"
"കാരണപുരുഷൻ മിണ്ടാത്തതിനുടെ
കാരണമെന്തെന്നാക്കറിയാവൂ?"
"ബലഭദ്രാദികളെന്തു പറഞ്ഞു?"
"ബലഭദ്രാദികളുരിയാടീല;"
"പാൎത്ഥനുടെ ചരിതം കേൾക്കട്ടെ!"
പാൎത്ഥനുടേ ചരിതം കേട്ടാലും!"
"ഛേഛേ! പാൎത്ഥനിതിന്നെളുതാമോ?"
"ഓഹോ പാൎത്ഥൻ പോരുമിതിന്നു്;"

"കുന്തീസുതനുടെ സത്യത്തിന്നു-
ങ്ങന്തരമുണ്ടായ്‌വരുമോ നാഥ!?"
"കുന്തീസുതനു മരിപ്പാനുണ്ടോ
ഭ്രാന്തുപിടിച്ചു ശിരസ്സിലെഴുത്തു്?"
നിശ്ചലഹൃദയം തന്നിലുറച്ചോ-
രച്യുതപൂജകൾ ചെയ്തുവസിച്ചും
ഹരനുടെ നാമവിശേഷമുരച്ചും
അവരുടനവിടെ വസിച്ചു സുഃഖന.
അങ്ങിനെ വളരെദ്ദിവസം ചെന്നു-
ങ്ങംഗനമണിമാർ മൌലിക്കങ്ങ്
പത്താംഗർഭ്വമുണ്ടായ്‌വന്നു
പത്താംമാസവുമങ്ങു തികഞ്ഞു.
ഭൂസുരവരനും താപമിയന്നു
കുന്തീസുതനെക്കൊണ്ടിഹ വരുവാൻ
സത്വരമങ്ങു ഗമിച്ചു നരവര-
പത്തനസീമനി ചെന്നിഹ കണ്ടു.

പദം.

"ഇന്ദ്രാത്മജ! ഇതു കേൾക്ക മനോഹര!
സാന്ദ്രവചനമിദം, ഇന്നു-
ചന്ദ്രാനനയോട് ഭ്രത! പോരിക വൈകാതെ
മന്ദിരേ മോദമോടും.
സൂതിസമയമടുത്തവിടെ എന്റെ കൂടെപ്പോന്നീടുക നീ
കൂടലർ കാലനാം കൃഷ്ണന്റെ മുമ്പിന്നു
ചെയ്ത സമയമിപ്പോൾ
അതിശൂരാ! മറന്നിതോ? പോക നാം വൈകാതെ,
മാനസേ മോദമോടെ.

അയ്യോ! എൻ മാനിനി താനേ വസിക്കുന്നു
പൊയ്യല്ല പാർത്ഥിവേന്ദ്രാ! ഒരു-
കാൽനിമിഷംകൊണ്ടു വളരും പരിതാപം
നന്ദസുതപ്രിയ! കേൾ;
കൂടലർകാലനാം കൃഷ്ണനാടും നിൻെറ
കൂടെപ്പിറന്നോരോടും, ഇന്നു
കൂടിപ്പറഞ്ഞു നീ തേരിൽ കരേറുക
പാടവശാലിൻ! വിഭോ!

എന്നുള്ള വാക്യംകേട്ടു നന്നായ്ത്തെളിഞ്ഞു വീരൻ
അഗ്രജപാദാംബുജം വ്യഗ്രത വിട്ടു കൂപ്പി
ഭീമപാദാരവിന്ദം ഭീമമാം ഭക്തിയോടും
താണുതൊഴുതു നിജ മാതൃപാദാംബുജവും.
സോദരന്മാരെ നന്നായാശ്ലേഷംചെയ്തുകൊണ്ടു
"ഖേദംകൂടാതെ വാഴ്ക സോദരന്മാരെ! നിങ്ങൾ-
പാഞ്ചാലരാജകന്യേ! വന്നാലുമരികത്തു
ചാഞ്ചല്യംകൂടാതെ നീ മാതാവോടൊത്തു പാർക്ക.
ഭദ്രേ! വരിക ശുഭേ! ഭദ്രം ഭവിച്ചീടുക
ഭദ്രാ ഞാൻ ഭൂസുരൻെറ പത്തനേ ഗമിക്കുന്നു;
നിന്നുടെ സോദരൻെറ കാരുണ്യമുണ്ടെന്നാകിൽ
കണ്ടീടാമല്ലെന്നാകിൽ കണ്ടതു കാര്യംതന്നെ".

എന്നു പറഞ്ഞു പുറപ്പെട്ടു നിജ
മന്ദത വിട്ടു പരാക്രമശാലി.
"പോരിക വിപ്രാ! പക്ഷേ നമ്മുടെ
പോരുകൾ കിഞ്ചന കാട്ടുന്നുണ്ട്."
എന്നുപറഞ്ഞു രഥമതിലേറി-
ട്ടുന്നതഗുണനിധി യാത്രതിരിച്ചു.

പൂച്ചവിലങ്ങളെച്ചാടുകയും പല
ദുശ്ശകുനം പുനരങ്ങിനെ കണ്ടു;
"വാസ്സുത്തുമങ്ങു ഗമിച്ചീടാം പുന-
രീശ്വരവിധിപോലൊത്തുവരട്ടേ."
എന്നു പറഞ്ഞു നടന്നു കടന്നു
മന്ദിരസീമനി ചെന്നു കരേറി.
ഗർഭവിലാപവുമങ്ങുതുടങ്ങി
വിപ്രാംഗനമാർ വരവുതുടങ്ങി.
ഈശ്വരസേവകൾ ചെയ്യുന്നു ജഗ-
ദീശ്വരനാമം ചൊല്ലുന്നു ചിലർ.
സതതാശ്രയമാകെന്നോതുന്നു,
വിബുധേശ്വരനാദിയെ വാഴ്ത്തുന്നു.
തൽഗ്രഹനിലഗതി പാർക്കുന്നു ചിലർ,-
നിഴലടി നോക്കിയളക്കുന്നു ചിലർ;
ഭേഷജവരരെത്തേടുന്നു ചിലർ
വേരുമുറിപ്പാനോടുന്നു ചിലർ.
ഘോഷമതിങ്ങനെ കേട്ടു തദാ ദമ-
ഘോഷസുതാരി സഖൻ വിജയൻതാൻ
ഗാണ്ഡീവചാപമുടൻ കുലപൂട്ടി
തൂണിയിലമ്പു നിറച്ചഥ കെട്ടി
തൂർണ്ണം കൈച്ചരടഴകൊടു കെട്ടി
പാണ്ഡവനും ശരക്കൂടം കെട്ടി
ഭൂതലവാസികളാകവെ ഞെട്ടി
ഭൂമിയുമൊന്നു വിറച്ചഥ ഞെട്ടി
ഉമ്പരിൽ മുമ്പൻ ഗാംഭീര്യാംബുധി
ഉമ്പർകലാധിപതനയൻ വിജയൻ

ഉടനുടനെ ചെറുഞാണൊലിയിട്ടും
ഇടിനിനദങ്ങൾ വിറച്ചഥ ഞെട്ടി.
ഇവററില്ലത്തിനകത്തു പുറത്തെഃരെ-
ടുത്തുകരത്തിൽ ധനുസ്സമെടുത്തുവ-
ലത്തുകരത്തിലുജ്ജ്വലമുരുത്ത ക-
രുത്തു പെരുത്ത ശരത്തെയുമേന്തി,
'അന്തകഭടരെ വിരോധിച്ചഴകോ-
ടന്തണബാലനെ രക്ഷിക്കേണം'
എവമുരച്ചു കിരീടി വസിച്ചുമ-
ഹീസുരമാനിനിയും പ്രസവിച്ചു.
അതിശയമായൊരു സുതനുണ്ടായതു
വധുകുലമണിമാർ നോക്കിയിരിക്കെ,
ഹാ ഹാ കഷ്ടം! കഷ്ടം! ശിവശിവ!
ദേഹത്തോടു മറഞ്ഞു കുമാരൻ.
"ഹന്ത ഹന്ത! മരിച്ചു കുമാരകൻ
എന്തുചെയ്യുതു ഞാനെൻറ ദൈവമേ!
കുന്തീനന്ദനൻ തന്നുടെ സത്യവും
ഹന്ത പാഴിലായ്യന്നു ചമഞ്ഞല്ലോ!
പാത്ഥനല്ലയൊ ഇല്ലത്തിരിക്കുന്നു
വാത്തയേതുമറിഞ്ഞതുമില്ലയൊ?
കമ്മദോഷമിതെന്നുടെ ജാതകം
നിമ്മലൻ പാത്ഥൻ താൻറ പരാക്രമം
ഒന്നുമിപ്പോൾ ഫലിക്കാഞ്ഞതെന്നുടെ
കമ്മദോഷമതെന്നേ പറയാവൂ;
മുന്നമൊന്നുമേയീവണ്ണം കണ്ടതി-
ല്ലെന്നെ വഞ്ചിച്ചു പോയാനോ ബാലകൻ?

അയ്യോ ബാലക! എന്തു നീയിങ്ങിനെ
മെയ്യോടെ മറയുന്നു കുമാരക!
ഒച്ചയെങ്കിലും കേൾപ്പാനില്ലായിതു
നിശ്ചയം കൃഷ്ണൻതന്നുടെ മായങ്ങൾ.
കൃഷ്ണനുടെ കൃപ[illegible]തുമില്ലാഞ്ഞാൽ
ജിഷ്ണു ഭാവിച്ചാൽ സാധിക്കുമോ കാര്യം?
കൃഷ്ണ! കൃഷ്ണ! മുകുന്ദ! മുരാന്തക!
പത്മനാഭ! പരൻ പുരുഷോത്തമ!"
മാനിനിമാരുടെ മുറവിളികേട്ടഭി-
മാനി കിരീടി മഹേന്ദ്രതനൂജൻ,
എന്തിതിവാർത്തകൾ ചെവിപാർക്കുമ്പോൾ
അന്തണനുമോടിവരുന്നതു കണ്ടാൻ.
നിർദ്ദയമാനസനാകിയ ഭൂസുര-
നർജ്ജുനനോടു പറഞ്ഞവയെല്ലാം
ഇജ്ജനമെങ്ങിനെ ചൊല്ലീടേണ്ടു
ലജ്ജയുമുണ്ടിസ്സഭയിൽ പറവാൻ.
"പാർത്ഥ! ശൃണു പടുധൂർത്താ! നിന്നുടെ
വാർത്താവൈഭവമതിശയമോർത്താൽ;
ശശികുലജാതനൃപൻ ഞാനെന്നും,
ശചിരമണന്റെ സുതൻ ഞാനെന്നും,
ചൊല്ലി ഞെളിഞ്ഞു പറഞ്ഞതുനേര-
ന്നെന്നുള്ളത്തിൽ നിനച്ചതബദ്ധം.
അതിമാനവുമതിവൻപും മുൻപും
തവ മാനസമതിലമ്പും, ഡംഭം,
ഒന്നൊന്ന വലിപ്പമതെവിടെപ്പോയി
മന്നവരിൽ ജള! ഹീനജളാഢ്യ!

തണ്ടും തപ്പിനടക്കം നിന്നൊട്ട
പറഞ്ഞ ഞാൻ വന്നതൊ ചെയ്തിട്ടൊ?
എന്നുടെ മക്കൾ മരിച്ചൊരു ദുഃഖം
നിന്നൊട്ട ഞാൻ വന്നതൊ ചെയ്തിട്ടൊ?
സത്യംചെയ്യുന്നതുമെന്തിനെടാ നീ
മദ്യംസേവതുടങ്ങീട്ടുണ്ടൊ?"
പോയാമീവക ദൂഷിവചനം പല
ഭൂയോഭൂയോ ഭുവനസുരേശൻ
വായിൽതോന്നിയതഖിലമുരച്ചു;
കായത്തിൽ കൊതി വിജയനൊഴിച്ചു.
ചേതസ്സിൽ പുനരേവമുരച്ചു:—
"ശ്രീകൃഷ്ണൻ ദൃഢമെന്നെയൊഴിച്ചു!
ഹാ! കഷ്ടം! പോരായ്മ ഭവിച്ചു.
കേട്ടിട്ടില്ലാത്തവമാനോക്തികൾ
കേട്ട സഹിപ്പാനെളുതല്ലേതും.
കായത്തോടേ ദ്വിജവരബാലക-
മായത്തോടേ കൊണ്ടുതിരിച്ചു,
ഞായത്താലല്ലെന്നതുമെന്ന-
മുപായത്താലെന്നാകിലുമുടനെ
പോയെത്തീടിന ദേശത്തോളം
പോയിത്തിരവൻ കൊണ്ടിഹ വരുവൻ!"
ഏവമുരച്ചു കിരീടി വസിച്ചു
ദേവവരാത്മജനതിനു ശ്രമിച്ചു.
അംബരായണമഹാത്ഭുതവിദ്യാ-
ഡംബരേണ കപികേതനവീരൻ

ധർമ്മരാജപുരി നോക്കി നടന്നു
ധർമ്മജാനുജനമീഷലകന്നു.
കണ്ണടച്ചുടമിഴിക്കുമിടയ്ക്കാ-
ഖണ്ഡലാത്മജനമന്തകദേശേ
ചെന്നടുത്തളവു കാലഭടന്മാർ
നിന്നു തങ്ങളിലിവണ്ണമുരച്ചാർ:—
“ഏവനിന്നൊരു നരൻ പടുധീരൻ
ഏകനായധിക ചാരുശരീരൻ
പ്രേതനായകപുരിക്കു വരുന്നു
ഭീതിലേശമവനുള്ളിലകന്നു?
ചെന്നുകൊണ്ടിഹ വരാതെയൊരുത്തൻ
ഇന്നുവന്നതുമതീവ വിചിത്രം!
ആയുധങ്ങളോടുമശ്രമമിപ്പോൾ
ആയവൻ വരുവതാശു തടുപ്പിൻ”
എന്നുരച്ചു ബത! കാലഭടന്മാർ
നിന്നു ചാപവിശിഖാദികളോടും.

അടുത്തു ഗോപുരദ്വാരമർത്ത്യനായകസൂനു
എടുത്തു ഗാണ്ഡീവചാപം കുലച്ചു പൂണിയമേന്തി
ധിമുന്തിംധിം ധിമുന്തിമം തകത്തു ഞാണൊലി പാർത്ഥൻ
അമന്നു സംഭ്രമം പൂണ്ടങ്ങുഴന്നാരന്തകദൂതർ.

ഝാംകാരമായ ചെറുഞാണൊലിയും
ശംഖാരവവും കേട്ടു കൃതാന്തൻ.
“നമ്മുടെ തനയസഹോദരനാകിയ
വെൺമതികലമണി ശക്രതനൂജൻ,
അവനുടെ ശംഖധ്വനിയതു നിർണ്ണയ-
മവനെ വിരോധിക്കായ്കിൻ വെറുതെ.

ഗോഷ്ഠിക്കവനോടു കലഹിക്കാതെ
കൂട്ടിക്കൊണ്ടിഹ വരുവിൻ വിരവിൽ."
അന്തകശാസന കേട്ടുടനവരും
കുന്തീസുതനെക്കൊണ്ടിഹ വരുവാൻ;
നരനോടവരരുൾ ചെയ്തിതുദന്തം
സുരനന്ദനനും കൂപ്പി കൃതാന്തം.
വിരവിലനുഗ്രഹമരുളി മുദാ യമ-
നരുളിച്ചെയ്തു കപിധ്വജനോട്:—
"കിമതോ, ഉണ്ണി! ധനഞ്ജയ! വരുവതി-
നെന്തൊരു കാരണമുരചെയ്താലും."
ഹരിസഖനാകിയ ഹരിസുതനപ്പോൾ
യമവചനം കേട്ടിദമുരചെയ്തു:—
"മതിമതി മഹാമതേ! മാധുര്യവാക്കുകൾ
ചതികളിഹ ചെയ്യുമത്ഭുതമോർക്കിലോ.
ധരണിസുരവരനുടയ ബാലകൻ തന്നെ ഞാൻ
ധരണീസുരാലയേ കാത്തു നില്ക്കും വിധൌ,
മമ ചരതശരനികരകൂടങ്ങൾ ഭേദിച്ചു
ചാരത്തു ബാലനെക്കൊണ്ടിങ്ങു പോന്നതും
അമരവരതനയനഹമെന്നെയോർക്കായ്കിലെ-
ന്റഗ്രജൻതന്നെ നീ ചിന്ത ചെയ്തീലയോ?
മധുമഥനനഖിലജഗദീശനാം കൃഷ്ണന്റെ
കാരുണ്യപീയൂഷമുണ്ടു നമുക്കഹോ!
തരിക മമ കരതളിരിലഴകൊടു കുമാരനെ
താല്പര്യമാമെന്റെ ഗംഭീരസത്യവും.
ഓർത്തുകൊള്ളല്ലായ്കിലന്തകനെന്നുള്ള
ധൂർത്തു പോക്കീടുവാൻ പാർത്ഥൻ മടിക്കുമോ?

ഘോരകതീരംത്തൊരു ഭൂസുരബാലന്മാരെ
ചാരാതൊൻപത്തുപേരെ ചോരാ! നീ കൊണ്ടുപോന്നും
പത്താം തനയനെ ഞാൻ രക്ഷിച്ചുകൊടുപ്പാനായ്
സത്യവും ചെയ്തുകൊണ്ടു പത്തനേ വസിക്കുമ്പോൾ,
ചിത്തഭയം കൂടാതെ പൃത്ഥ്വീസുരസുതനെ
അത്ര നീ കൊണ്ടുപോന്നിതെത്രയും ധിക്കാരമായ്.
ആയതിനിന്നു നിൻെറ നാശം വരുത്തുവാനായ്
ആശു ഞാൻ വന്നതെന്നു ക്രൂശാതെ കേട്ടുകൊൾക.
ശുദ്ധനാം പാത്ഥനെന്നു് അത്ര നീ ശങ്കിക്കേണ്ടാ
പക്ഷേ രണത്തിന്നായി പക്ഷങ്ങൾ കൂട്ടുന്നായ്.
കുന്തീനന്ദനനെന്നു കേട്ടിട്ടില്ലയോ ഭൂപാ
അന്തകവൈരിഞൊന്നും, അന്തരമെന്നേ വേണ്ടു.
കൂത്തുള്ള ശരംകൊണ്ടു പോക്കളംതന്നിൽ നിൻെറ
ധൂത്തു കളവാനിന്നീ പാത്ഥൻ മടിക്കയില്ല.

ഇത്തരമുള്ളൊരു വിജയൻ തന്നുടെ
അത്തൽമുഴുത്തൊരു വാക്കുകൾ കേട്ടു
ആധി പിടിച്ചു വിയത്തു കൃതാന്തനു-
മാദരവോടുടങ്ങളിച്ചെയ്തു:—
"ഏതൊരു ഭൂസുരനേതൊരു ബാലക-
നേതൊരു ദിക്കിനു കൊണ്ടുതിരിച്ചു?
ഹേതുവതെന്തിതി വരുവാനെന്നും
ഏതുമറിഞ്ഞിട്ടില്ലേ ഞാനും.
മത്ഭടരാരും പോയിട്ടില്ല,
മൽപുരിയിൽ കൊണ്ടുപന്നിട്ടില്ല.
നിന്നെക്കബളിപ്പിച്ചാരാണതി-
നെന്നൊടു കോപിച്ചാൽ ഫലമുണ്ടോ?

അങ്ങാടീത്തോററന്നാലിങ്ങിതി-
നമ്മയൊടെന്ന പഴഞ്ചൊല്ലോൎത്തു.
സംശയമുണ്ടെന്നാകിലഹോ രിപു-
വംശപരംതപ! പോരിക കൂടെ".
എന്നു പറഞ്ഞു തുറന്നിതു യമനും
തന്നുടെ വൻനരകൌഘകവാടം.
പാപം ചെയ്യോരു ജീവനെയിങ്ങനെ
ദുഃഖിപ്പിപ്പതു കണ്ടു കിരീടി.

"കണ്ടാലുമോരോ മഹാപാപികൾ കിടക്കുന്നു
കണ്ഠമറുത്തുകൊണ്ടു കുണ്ഠിതം പ്രാപിക്കുന്നു.
ദേവസ്വം ബ്രഹ്മസ്വവും കേവലമടക്കിക്കൊ-
ണ്ടാവോളം പുലൎത്തുന്ന മൂഢന്മാരുടെ തന്റെ
താഡനം ചെയ്തുകൊണ്ടു വാട്ടി വലിച്ചീടുന്നു.

വള്ളികൾകൊണ്ടു വരിഞ്ഞതു കണ്ടു
പാശംകൊണ്ടു മുറുക്കണകണ്ടു.
പിന്നെപ്പലപല ജീവനെയിങ്ങനെ
ദണ്ഡിപ്പിപ്പതു കണ്ടൎജ്ജുനനും.
അസ്ഥലമഖിലം പാൎത്തു കിരീടി
നാസ്തി കുമാരനിതോൎത്തഴൽ തേടി.
താതൻ പാദവുമാശു നമിച്ചു
ഖേദാദികളഖിലങ്ങളൊഴിച്ചു
അവിടെയുമില്ലെന്നുടനെ വിധിച്ചു;
ദിക്പാലാഷ്ടകഭുവനം പുക്കു.
തത്ര തിരഞ്ഞും, കാണാത്തതിനാൽ
നാണം കെട്ടു മനസ്സുമടങ്ങി.

മാനം കെട്ടു മഹേന്ദ്രതനൂജൻ,
നിശ്ചയമായി മനസ്സിലുറച്ചു
അമൃതനെന്നെയുപേക്ഷിച്ചെന്നു'.
'മൽച്ചരിതം പുനരഗ്നിയിൽവീണു ദ-
ഹിച്ചോരവസ്ഥ ഗ്രഹിച്ചീടേണം'
ഏവം നിജ മനതാരിലുറച്ചു
ദേവവരാത്മജനതിനു ശ്രമിച്ചു.
അനവധി വിറകു വരുത്തി നിറച്ചു
മനമതിലതിശയഭക്തിയുറച്ചു.
ആശു കുളിച്ചു,വിഭൂതി ധരിച്ചഖി-
ലേശപദേ നിജ ഭക്തിയുറച്ചു
ഇന്ധനമാശു വരുത്തിയുയർത്തി
ഘനഘടയും പുനരതിശയമോടേ.
അഗ്രജജനകസഹായനതായോ-
രഗ്നിയെ വിരവൊടു വിറകിൻ നടുവേ
കത്തിയടുത്തു ചുഴന്നു പിളർന്നഘ-
നാശ്രയമാഗ്ഗത്തോളമുയർത്തി.
ദിക്പതിമാരെയുമാരാധിച്ചു-
ങ്ങഗ്നിയെ മൂന്നു വലത്തും വച്ചു
ശരവും ശരധി ശരാസനസമയുഗ-
കരവും പരിചോടഞ്ജലിചെയ്തു
ദേവകദംബവരിഷ്ഠാധിപനാം
പാവകദേവനൊടായറിയിച്ചു:—
"പാഹിധനഞ്ജയ! പാതമദനായ!
പാഹിധനഞ്ജയ, മയമിഹ ഭഗവൻ!

തപ്ത്തായതചാപസമേതം
തപ്തേഷത്തൊട്ട ചേരുന്നേൻ ഞാൻ.
എന്നുടെകൃഷ്ണാ!"യെന്നു വിളിച്ചു
വഹ്നിടെ നടുവേ ചെന്നു പതിപ്പാൻ
ആങ്ങിത്തുങ്ങിയമന്നു കതിച്ചുജ-
നങ്ങൾക്കനവധി ഭയവുമുറച്ചു.
ഉഷ്ണസമേതേ ജനനിനികേതേ
കൃഷ്ണനറിഞ്ഞാൻ ജിഷ്ണുജസമയം.
"അയ്യോ! കഷ്ടം! നമ്മുടെ പാത്ഥൻ
തീയ്യിൽ ചാടി മരിക്കുമിദാനീം."
പേടി മുഴുത്തൊരു ഭാവത്തോടെ
ഓടി ജനാർദ്ദനനതിമതിമോദാൽ.
മഞ്ഞപ്പട്ടുടെ കുത്തു കിഴിഞ്ഞും
മഞ്ജീരദ്ധ്വനി തത്ര പൊഴിഞ്ഞും
ഓടി വലഞ്ഞും നാഡി കുഴഞ്ഞും
വാടിയുലഞ്ഞും മാടിവിളിച്ചു
വിജയാ! വിജയാ! എന്നു വിളിച്ചും
അരുതേ സാഹസമെന്നു പറഞ്ഞും
വിജയൻ വഹ്നിയിൽ വീഴുംമുൻപേ
തരസാ ചെന്നു പിടിച്ചു മുകുന്ദൻ.
മുൻനോക്കീട്ടു കതിച്ചോരു പാത്ഥൻ
പിൻനോക്കീട്ടു മറിഞ്ഞഥ വീണു.
അപ്പോഴത്തെയവസ്ഥ നിനച്ചാ-
ലത്ഭുതമെന്നേ പറവാനുള്ളു!
വിഭ്രമമോടഥ നോക്കുന്നേരം
രുഗ്മിണിവരനെക്കാണ്മാറായി

വ്രീളാവിവശത പൂണ്ടു കിരീടി
കാളാംഭോദാംഗനെ വീണുവണങ്ങി.
തൊണ്ട വിറച്ചും നെഞ്ചു വിറച്ചും
മിണ്ടരുതാതെ വിയർത്തു തളർന്നാ,
അണ്ടർവരാത്മജനിണ്ടൽ മുഴുത്തതു
കണ്ടു ദയാനിധി കാർമുകിൽവർണ്ണൻ
പുഞ്ചിരിപൂണ്ടിദമരുളിച്ചെയ്തു:—
“നിൻചരിതം ബഹു വിസ്മയമോർത്താൽ!

കുന്തീകുമാരക! നീ എന്തിനായ്ക്കൊണ്ടീവണ്ണം
ഹന്ത നിനച്ചുചെയ്തതന്ധകാരോദയമോ?
ചെന്തീയിൽവീണു ദേഹം വെന്തു മരിപ്പാനൊരു
ബന്ധം ഭവിച്ചീടുവാൻ കാരണമെന്തു പാർത്ഥ!
ബുദ്ധിതെളിഞ്ഞു കേൾക്ക! നാനാവിധമായവയെല്ലാം
സിദ്ധമാക്കിയ ഞാൻ പ്രത്യർത്ഥകാരിയായോ?
ഭാരതായോധനത്തിൽ തേരതിലേറി നിന്റെ
വീര്യവും പൂരിപ്പിപ്പാൻ സാരഥിയായില്ലേ ഞാൻ?
പോരിന്നായാരംഭിച്ച വീരന്മാരുമായ് നേരേ
ഘോഷിച്ച നേരത്തു നീ തേരിൽ പരിതപിച്ചു.
അന്നേരം മോഹംതീർത്തു നന്നായുപദേശിച്ച
തന്നോരുപനിഷത്തുമിന്നു മറന്നുപോയോ?
ലോകങ്ങളേഴുരണ്ടും കീഴ്മേൽ മറിപ്പതിന്നു-
മാകുലമില്ലചിത്തേ, മേ വിചാരിച്ചീടുമ്പോൾ.
ഭൂസുരബാലപരിപാലനവീരവാദ-
ഹേതുവതെന്നോടു പറയാഞ്ഞതെന്തു പാർത്ഥ!
പൃഥ്വീസുരേശൻതന്റെ പത്തുകുമാരന്മാരിൽ
പത്തിലൊരുത്തനെ നീ കാത്തുതരുന്നേനെന്നു

സത്യവചനമിന്നു വ്യത്ഥമായ് വന്നിതിപ്പോൾ,
ബുദ്ധിക്ഷയവും വേണ്ടാ ചിത്തേ ഖേദവുംവേണ്ടാ.
പത്തുകമാരന്മാരുമൊത്തു ധരിത്രീദേവ-
സത്തമനായ്ക്കൊണ്ടു കൊട്ടത്താലുമജ്ജുനാ! നീ.
ദാഹകമ്മത്തിനിന്നു മോഹമുണ്ടായതു നിൻ
സാഹസമെന്നല്ലാതെ ഹാ! ഹാ! പറഞ്ഞീടാമോ?"

ഇതി മാധവഗിരമമരാധിപസുത-
നതിമാധുയ്യസമേതം ശ്രുത്വാ
നത്വാ മുരരിപുചരണസരോരുഹ-
മിത്ഥം ഭീമസഹോദരനൂചേ:—
"കരുണാകര! തവ തരുണാരുണസമ-
ചരണാംബുജയുഗമാധാരം മമ.
പിഴകളശേഷമൊഴിച്ചരുളേണം
അടിയനെയോത്തു ക്ഷമിച്ചീടേണം.
മുട്ടീടുന്നീയഗ്നിജ്വാലയിൽ
പെട്ടീടുന്നു ഹരേ! പരിതാപം.
മുട്ടീടുന്നു വിവേകവുമകമേ
വൃഷ്ണിവംശജ! ജഗദീശ! മുരാരേ!"
ഇതിനരപതിഗിരമഖിലംകേട്ടാ-
നതിമോദേന ചിരിച്ചു മുകുന്ദൻ
അഗ്നിജ്വാലയിലുഷ്ണമകന്നു
ശക്രതനൂജനു ദുഃഖമകന്നു.
ദാരുകനാം നിജ സൂതനെ മാനസ-
താരകമേ കരുതീ ജഗദീശൻ.
രഥവും കൊണ്ടഥ വന്നവനും നിജ
പദവും വന്ദിച്ചുളവു തദാനീം

നരനൊടു സഹിതം നാരായണനും
വിരവിനൊടത്ഭുതരഥമതിലേറീ-
ട്ടംബരമാർഗ്ഗേ യാത്രത്തുടങ്ങി
ജവംബഹുദ്ദൂരമകന്നുതുടങ്ങി.
രവിമണ്ഡലവും ശശിമണ്ഡലവും
ധ്രുവമണ്ഡലവും താഴെക്കാണായ്.
വിബുധാധിപപുരി നിശാനായകപുര
നവഖേചരഗതി സുരദീർഘികയും
കല്പകവൃക്ഷം പുഷ്പോദ്യാനവു-
മബ്ധികളും കനകാചലശിഖരം
ഏറെത്താഴത്തേറെത്താഴെ
ദൂരെദ്ദൂരെക്കാണായ്വന്നു.
ലോകാലോകവുമങ്ങു കടന്നൊ-
ട്ടാഹാ! ക്രൂരിരുളാധി മുഴുത്തു.
കൺകാണാഞ്ഞുമുടൻ കമലേശ-
മുഖാകാണാഞ്ഞു വലഞ്ഞു കിരീടി.
ശക്രതനൂജനു ദുഃഖമൊഴിപ്പാൻ
വിക്രമശാലി ജഗൽഗുരു കൃഷ്ണൻ
ചക്രപരായണനർക്കമേലേ നിജ-
ചക്രത്തെപ്പരിശീഘ്രം സ്മൃതവാ
ലോകൈകകാഞ്ചിതദീപാകൃതി ജഗ-
ദേകാശ്രിത സുദർശനചക്രം
തൂർണ്ണമുദിച്ചു താപമൊഴിച്ചു
പാണ്ഡവനുള്ളിൽ വിഷാദമൊഴിച്ചു.
വൃത്രവിനാശനപുത്രനൊടാശു ജ-
ഗത്ത്രയനായകനത്ര വിനോദാൽ

“എത്രയകന്നിതു പദ്ധതിദൂരമ-
തിൽ” ത്രിദശേശജനോത്തരംചെയ്തു;
‘യോജനദൂരമൊരൻപതിനായിര-
മനവധി കൂടീട്ടപ്പുറമായിതു.

ഓരോതരമിദമരുളിയനേര-
ത്തേറിയദൂരമകന്നിതുതേരും.
ശ്രീപാൽക്കടലുടെ തിരയുടെ നാദം
തോഷാൽക്കേട്ടു മഹാത്ഭുതജാതം.
വൈഷ്ണവരൂപമഹാത്ഭുതപൂർണ്ണസു-
ഖസ്ഥലമോഹനമാർഗ്ഗത്തൂടേ
ചെന്നണയുമ്പോളമ്പൊടു കണ്ടു
സുന്ദരമഞ്ജുളതേജോനിലയം:
ശ്രീകണ്ഠാദിനിഷേവിതമാം ഹരി-
വൈകുണ്ഠം ജഗദേകമനോജ്ഞം.
ക്ഷീരാർണ്ണവമതിൽ നാഗാധിപനുടെ
ചാരുഫണാഞ്ചിതമണിവരതല്പേ
നാരായണനധിവാസം കണ്ടു മു-
രാരി കിരീടിയൊടരുളിച്ചെയ്തു:—
“കുണ്ഠേതരമിതു കണ്ടീടുകവൈ-
കുണ്ഠപുരം പുരുഷോത്തമവാസം.”
എന്നുപറഞ്ഞഥ നന്ദസുതോപി പു-
രന്ദരനന്ദനനോടു സമേതം
സ്യന്ദനമതിൽനിന്നമ്പൊടിറങ്ങി ജ-
ഗന്നിലയസ്ഥലമാശുവണങ്ങി.
അതിമോദത്തൊടു നോക്കുന്നേരം
അതിശയമനവധി കണ്ടുതുടങ്ങി:

കനകക്കൊടിമരമുയരെക്കണ്ടു
ഖഗസത്തമസുനിവാസംകണ്ടു
ഹേമസമാനശയപ്രഭകണ്ടു
സോമസമാനമതിൽ പ്രഭ കണ്ടു
നവരത്നോജ്ജ്വല പരിഭാസുരമാം
സുരവൎദ്ധിതസോപാനം കണ്ടു
ഹരിപദഭക്തജനത്തെക്കണ്ടു
സുരമുനിമാരെയുമഴകൊടു കണ്ടു
ഓരോതരമവർ സേവകൾ കണ്ടു
നാരദമുനിയെ വിശേഷാൽ കണ്ടു
മേരുസമാനകിരീടം കണ്ടു
ചാരുഗളോന്നത മാലകൾ കണ്ടു
പുഷ്പോദ്യാനവിശേഷം കണ്ടു
ഷൾപ്പദജാലവിലാസം കണ്ടു
പീതാംബരമാമുടുപുട കണ്ടു
പാദാംബുജയുഗമഴകൊടു കണ്ടു
ലക്ഷ്മീദേവിയെയരികേ കണ്ടു
അക്ഷ്മാപതിയുടെ വാസം കണ്ടു.
ശ്രീവൈകുണ്ഠവിശേഷമുരപ്പാൻ
ആകാംക്ഷിതമെന്നാകിലുമിപ്പോൾ
ആവുന്നതിനേ മോഹിക്കാവു
ഭാവിച്ചാലെളുതല്ലതുരപ്പാൻ.
നരനൊടു സഹിതൻ നാരായണനും
ഹരിചരണാംബുജമാശു വണങ്ങി
ഭൂമാഭഗവതിമാരൊടുകൂടി
ആമോദേന വസിച്ചരുളുന്നൊരു

ഭഗവദ്രൂപവിലാസം കണ്ടു
പെരുകിന ഭക്ത്യാ ഹരിസ്തുതിചെയ്തു.
മുരഹരനരന്തിഗിരമിതി വിവിധം
ഹരികരുണാകരജഗദഖിലേശൻ
ശ്രുത്വാ, കൃത്വാ മുദ്ധ്വസ്ഥിതമുട-
നിത്ഥം വാക്യമുർച്ചു മനോജ്ഞം:—
"രാമസഹോദര! ഭീമസഹോദര!
ഹേ മമ ചാരു കുമാരന്മാരേ!
ഭൂതലവാസം സുഖമല്ലേ തവ
സാധുജനത്തിനുമിഹ നിങ്ങൾക്കും?
കൃഷ്ണാ! നമ്മുടെ ശൂരസുരാദികൾ
തുഷ്ണാസുഖമൊടു വാഴുന്നില്ലേ?
മുസലിക്കും തവ ജനനിക്കും മന-
മൊരുമിക്കുന്ന യദുപ്രവരക്കും
ഉപജനകനുമുപമാതാവിനും
തവസുഖവാസമതല്ലേ കൃഷ്ണാ!
നിമ്മലഹൃദയാ! വിജയാ! നമ്മുടെ
ധമ്മതനൂജനു സുഖമോ വാസം?
മാരുതസുതനും മാദ്രീസുതരും
ശൂരസഹോദരി തവ മാതാവും
കുശലസമേതം നിവസിപ്പീലേ
വിശദമതേ! ശതമന്യുതനൂജ!
ശത്രുഹരായുധ ചിത്തരസോദയ
നിത്യസുഖേന വസിക്കുന്നില്ലേ?"
ഇതി മധുസൂദനനതിമധുരോദയ-
മുചിതകുതൂഹലമരുൾചെയ്യുമ്പോൾ,

ഭക്തിനിറഞ്ഞു വഴിഞ്ഞു പൊഴിഞ്ഞനു-
സൂക്തമുവാച ജഗല്പതികൃഷ്ണൻ:—
"കുശലം സകലം കരുണാജലധേ!
കുശലമതില്പരമറിയുന്നില്ലേ?
നിന്തിരുവടിയറിയാതഖിലാശയ!
കിഞ്ചിദുദന്തം നഹിനഹി ഭുവനേ."
ഒന്നും പറവാൻ തോന്നാതേ ബത!
നിന്നു കിരീടി മുകുന്ദസമീപേ.
അന്നേരം മധുകൈടഭനാശൻ
അന്യോന്യാദരമരുളിച്ചെയ്തു:—
"ഉർവീതലപരിതാപഹര! തവ
ദ്വാരാഖിലചരിതവുമപരം
സവ്വിശേഷമശേഷമറിഞ്ഞേൻ
വസുദേവാത്മജ! വിജയന്മാരെ!
നിങ്ങളെയുള്ളൊരു വാത്സല്യം പുന-
രിങ്ങുമുഴുത്തു ഭവിച്ചതുമൂലം,
ഇരുവരുമെന്നുടെ മുമ്പിൽ വരേണം
പരിഭവരഹിതം കണ്ടീടേണം.
അതിനൊരു പെരുവഴി ഞാനിഹ കരുതി
ക്ഷിതിസുരസുതരെക്കൊണ്ടിഹ പോന്നു.
ഇന്നവരും ബത നിങ്ങളത്തും പുന-
രൊന്നു നിനച്ചു വസിച്ചിതു ഞാനും.
പത്തു കുമാരരെയൊത്തവനീസുര-
സത്തമനാത്തുകൊടുത്തു സുഖേന
ദമ്പതിമാരൊടനുഗ്രഹവും ബഹു
സമ്പ്രതിവാങ്ങി വസിച്ചീടുക പോയ്."

അതുകേട്ടളവഥ തൊഴുതു നിവന്നള-
വതികൌതുകമിഥ കാണായ്‌വന്നു:—
പൃഥ്വീസുരനുടെ പത്തു കുമാരരു-
മത്ര കളിച്ചു വസിച്ചീടുന്നു;
അച്ഛൻ മക്കളെയെന്ന കണക്കെ
ആശ്ചരിയം ബഹു മായാസഹിതം!
വാഞ്ഛാസാകമൊരുണ്ണിയെ ഭഗവാൻ
ചാഞ്ചാടിച്ചു കളിപ്പിക്കുന്നു.
പോക്കാക്കേക്കേയെന്നു പറഞ്ഞു്
വിരലു പിടിച്ചു നിവൎത്തി കുമാരൻ.
ഇതിലിതിലതിലിതിലെന്നു പറഞ്ഞു
വിരലുകൾ ചെന്നു പിടിച്ചു നിവിൎത്തും.
കൌസ്തുഭമാശു പിടിച്ചു വലിച്ചു ക-
ഴുത്തിലുടൻ കരയേറിയിരുന്നും
മടിയിൽപുക്കു സുഖേന ശയിച്ചും
മകരക്കാതില കണ്ടു രസിച്ചും
വിടുവിട മുട്ടുകൾ കുത്തി നടന്നും
ഫണിവരതല്പേ വീണു മറിഞ്ഞും
വലുസാധികമാം വചനമുരത്തും
കലിതരസേന കളിച്ചു രസിച്ചും
തൃക്കൈകൊണ്ടു പിടിച്ചു മുറുക്കി-
ശ്ശീഘ്രം നിറുകയിലാഘ്രാണിച്ചും
ലക്ഷ്മീഭഗവതി പത്താം തനയനെ-
യാശ്ലേഷിച്ചു കുചങ്ങൾ കൊടുത്തും
അവനീദേവിയുമവനുടെ പൂൎവ്വജ-
മാദരവോടഥ താലോലിച്ചും

ബാലകലീലാവിലസിതമഥ പശു-
പാലകിരീടികരം കണ്ടു രസിച്ചും
പുഞ്ചിരിപൂണ്ടു പരൻ പുരുഷൻ പുന-
രഞ്ചിതരൂപൻ കിഞ്ചിൽബഭാഷേ:—
"വിശ്രുതവിപ്രകുമാരന്മാരെ!
പശ്യ മുരഹര വിജയന്മാരെ!
സുഖമായങ്ങു ഗമിച്ചു വസിപ്പിൻ
സുകുമാരാകൃതിചേരും നിങ്ങൾ.
നിങ്ങൾക്കച്ഛനമമ്മയുമുണ്ടു്
നിങ്ങളെയോൎത്തു വിലാപിക്കുന്നു.
എന്നതുകൊണ്ടിനി വൈകാതവരെ
ചെന്നഥ കണ്ടു വരേണമിദാനീം."

മധുകൈടഭാരിതന്റെ മധുരമാം വാക്കു കേട്ടു
അധികസന്താപത്തോടും കരയുന്നു ബാലകന്മാർ.
പൊഴിയുന്ന കണ്ണുനീരും കരിയുന്ന മാനസവും
പതറുന്ന ഖേദത്തോടെ പറയുന്നിതോരോതരം.
വിയൎക്കുന്ന ദീർഘവീർപ്പും പിളൎത്തുന്ന ചുണ്ടു രണ്ടും
തളരുന്ന പാരവശ്യം പറയുന്നിതോരോതരം.
"ജനകജനനിമാരും ഇവിടെയുണ്ടല്ലോ ഞങ്ങൾ-
ക്കിനിയേതൊരച്ഛനമ്മ അറിയുന്നില്ലല്ലോ ഞങ്ങൾ.
ഒരു നാളും പോകയില്ലേ" നുരചെയ്തു നാഥൻതന്റെ
തിരുമുഖം നോക്കിനോക്കിക്കരയുന്നു ബാലകന്മാർ.

മഹിമാ ഭഗവതിമാരതു കണ്ടട-
നാമോദേന സമാശ്ലേഷിച്ചു
ദുഃഖമൊഴിച്ചിദമരുളിച്ചെയ്തു:—
"മക്കളെ!യങ്ങു ഗമിക്ക സുഖേന.

നിങ്ങൾക്കച്ഛനുമമ്മയുമുണ്ടു്
നിങ്ങളെയോർത്തു വിലാപിക്കുന്നു;
പിതൃമാതാക്കളെ ദുഃഖിപ്പിക്കരു-
തതിദോഷം വരുമതിനുണ്ണികളേ!"
എന്നതു കേട്ടു കുമാരന്മാർക്കട-
നൊന്നു പകർന്നു ചമഞ്ഞു സ്വഭാവം.
"അങ്ങുള്ളവരെക്കണ്ടീടേണം
ഞങ്ങൾക്കങ്ങു ഗമിച്ചീടേണം.
അച്ഛനുമമ്മയുമുള്ളേടത്തേ-
ക്കിക്ഷണമിപ്പോളയച്ചീടേണം."
മായാമയനാം നാരായണനുടെ
മായാവൈഭവമതിശയമോർത്താൽ!
നിശ്ചലമാനസനാകിയ ഭഗവാൻ
കുട്ടികളോടിദമരുളിച്ചെയ്തു:—
"എങ്കിൽ സുഖമായങ്ങു ഗമിപ്പിൻ
സങ്കടമുള്ളിലശേഷമൊഴിപ്പിൻ!
ഓജസ്സോടെ ചെന്നുടനവരുടെ
തേജസ്സോടു ലയിക്കുക നിങ്ങൾ."
ഇദമരുൾചെയ്തഥ ഭൂയോ ഭൂയോ
വിരവൊടു തഴുകിയനുഗ്രഹമേകി,
യാത്രയയച്ചു മുകുന്ദൻ; ജിഷ്ണുവു-
മാസ്ഥയൊടേ ദ്വിജബാലന്മാരെ
തേരതിലേററിയുഴറെറാടു വേഗാൽ
ദ്വാരകതന്നിലിറങ്ങി വിളങ്ങി.
ധരണീസുരനുടെ ഭവനേ ചെന്നാ-
ക്കരുണാകരനുടെ വചസാ വിജയൻ

പൃഥ്വീദേവനെയാശു വിളിച്ചു;
അപ്പൊഴുതും കൃതമായി ശകാരം!
"വേണ്ടാ പരിഭവഗിരമിനി ഭൂസുര-
നിണ്ടലശേഷമൊഴിപ്പതിനായി
പങ്കജനയനൻ ശ്രീകൃഷ്ണൻ വ-
ന്നങ്കണസീമനി മരുവീടുന്നു.
മുററത്തോളം വരിക ഭവാനിഹ
കുററം പറവാൻ പിന്നെയുമാമേ."
എന്നതുകേട്ടു പുറത്തുമിറങ്ങി
മന്നിടദേവൻ മഹിഷീസഹിതൻ.
ശ്രീധരദേവനുമിദമരുൾചെയ്തു
ഭൂസുരനാഥനൊടായ്:—"ഗുണരാശേ!
മൃത്യു ഭവിച്ച സുതന്മാരെത്തവ
പത്തിനെയും ബത പശ്യ മഹാത്മൻ!
ഒന്നിനെ വിജയൻ രക്ഷിച്ചതു,മതിൻ—
മുന്നേ പോയവരൊമ്പതുപേരും
കയ്ക്കൊൾക തവ പുത്രരെയതി സുഖ-
മായ്ക്കൊള്ളുക തവ നിത്യനിവാസം."
എന്നരുൾചെയ്തഥ നന്ദജനാശു പു-
രന്ദരജാതൻ തന്നുടെ കയ്യാൽ
നന്ദിച്ചൻപൊടു നന്ദനദശകം
മന്നിടദേവനു നൽകിപ്പിച്ചു.
മേദിനിദേവൻ മാനിനിയോടും
മോദമുദിച്ചതു ചൊല്ലാവല്ലെ!
അത്ഭുതമത്ഭുതമെന്നു മഹാജന-
മുല്ലലനേത്രനെ വാഴ്ത്തീടുന്നു!

ആലിംഗനമവർ ചുംബനമങ്ങവ-
രാവോളമവർ ചെയ്തീടുന്നു.
അവനീസുരനും രമണീസഹിതം.—
"കമലാകാമുക വിജയന്മാരെ!
മക്കളും മരിച്ചോരു ദുഃഖനിമിത്തമി-
നിക്കു ഭവിച്ചോരതിഭ്രമമൂലം,
ദുഷ്കൃതവചനമുരത്തവയെല്ലാം
സൽകൃതമെന്നേ ബോധിക്കാവൂ;
ഭൂസുരവരരുടെ ശീലമിതെന്നേ
ചേതസി നിങ്ങളും നിരൂപിക്കാവൂ."
ആത്തകുതൂഹലമോടവനപ്പോൾ
വാഴ്ത്തി മുരാന്തക വിജയന്മാരെ;
മേദിനിതന്നിൽ മാനിനിയോടും
സാദരമത്ര സുഖിച്ചു വസിച്ചു.

സമാപ്തം.

The Vidya Vilasam press, Trivandrum, 1931.